16385

# മാർട്ടിൻ ലൂഥർ

## ഒരു പഠനം

ജോസഫ് പുലിക്കുന്നേൽ

ഓശാന പ്രസിദ്ധീകരണം
പാലാ

വില 1 രൂപാ

## മുഖവുര

മാർട്ടിൻ ലൂഥർ, ക്രൈസ്തവസഭാചരിത്രത്തിൽ ഒരു വഴിത്തിരിവാണ്. ലൂഥറിനെക്കുറിച്ച് മലയാളത്തിൽ വളരെ അപൂർവ്വം ഗ്രന്ഥങ്ങളെ ഉള്ളു.

ലൂഥറിന്റെ ജീവിതത്തെയും വിശ്വാസത്തെയും കുറിച്ചുള്ള ചെറിയ പഠനം ഓശാനയിൽ പ്രസിദ്ധീകരിച്ചത്, ഒരു ലഘുഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്.

പാലാ
30-12-1984

ജോസഫ് പുലിക്കുന്നേൽ

M 922 PUL

# മാർട്ടിൻ ലൂഥർ – ഒരു പഠനം

മാർട്ടിൻ ലൂഥർ ഒരു മനുഷ്യനായിരുന്നു; ചിന്തകനായിരുന്നു; ക്രൈസ്തവ ദൈവശാസ്ത്രപണ്ഡിതനായിരുന്നു; അസാമാന്യ ധീരനുമായിരുന്നു.

ചരിത്രപുരുഷന്മാരെക്കുറിച്ച് പഠിക്കുന്നതിന് അവരെ സൃഷ്ടിച്ച സമൂഹത്തെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും ആഴമായുള്ള പഠനം ആവശ്യമാണ്.

## റോമൻ കത്തോലിക്കാസഭ

നാലാം നൂററാണ്ടിന്റെ ആദ്യപാദത്തിൽ കോൺസ്റ്റൈന്റൻചക്രവർത്തി ക്രൈസ്തവർക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിച്ചതിനുശേഷം, ക്രൈസ്തവമതം പ്രായേണ റോമൻ സാമ്രാജ്യത്തിന്റെ മതമായി തീർന്നു. റോമാസാമ്രാജ്യം രണ്ടായി വിഭജിച്ചപ്പോൾ പാശ്ചാത്യ റോമൻ സാമ്രാജ്യത്തിന്റെ കേന്ദ്രം റോമായും പൗരസ്ത്യ റോമൻ സാമ്രാജ്യത്തിന്റെ കേന്ദ്രം കോൺസ്റ്റാന്റിനോപ്പിളും ആയി തീർന്നു. യൂറോപ്പിലും മദ്ധ്യ ഏഷ്യയിലും റോമൻ സാമ്രാജ്യത്തിന്റെ പരിലാളനയിൽ വളർന്നുവികസിച്ച ക്രൈസ്തവസഭകളെ അഞ്ചു് പാത്രിയർക്കേററുകളുടെ ഭരണത്തിൻകീഴിലായി വിഭജിക്കപ്പെട്ടു: റോമാ, കോൺസ്റ്റാന്റിനോപ്പിൾ, അന്ത്യോക്യാ, ജെറൂശലേം, അലക്സാൻട്രിയ. സാമ്രാജ്യത്തിന്റെ ആദിമകേന്ദ്രമെന്ന നിലയിൽ റോമാ, യൂറോപ്പിലെ പ്രഥമനഗരമായിരുന്നു. പക്ഷേ, പ്രായേണ സാമ്രാജ്യത്തിന്റെ അധികാരകേന്ദ്രം, കോൺസ്റ്റന്റയിനുശേഷം, കോൺസ്റ്റാന്റിനോപ്പിളായി തീർന്നു. മാത്രമല്ല 5-ാം നൂററാണ്ടോടുകൂടി റോമാക്കാർ ''ബാർബേറിയൻസ്'' എന്നു വിളിച്ചുവരുന്ന ജനവർഗ്ഗം മദ്ധ്യയൂറോപ്പിൽനിന്നും ഇററലിയിലേക്ക് പ്രവഹിച്ചു. ഈ കാലഘട്ടത്തിൽ, യൂറോപ്പ് സംഘട്ടനത്തിന്റെ വേദിയായി തീരുകയും പാശ്ചാത്യ റോമാസാമ്രാജ്യം അധഃപതനോന്മുഖമാകുകയും ചെയ്തു. യൂറോപ്പിനു് രാഷ്ട്രീയമായ ഐക്യം നൽകിവന്ന സാമ്രാജ്യം ശിഥിലമായപ്പോൾ, യൂറോപ്പിലെ ജനങ്ങൾക്ക് മതനേതൃത്വം നൽകിവന്ന റോമാ പാത്രിയർക്കീസായ പോപ്പിനു പടിപടിയായി സാമൂഹ്യസ്വാധീനം വർദ്ധിച്ചു. 754-ൽ ഫ്രാൻസ്‌രാജാവായി പെപ്പിനെ, സ്റ്റീഫൻ മാർപ്പാപ്പാ നേരിട്ട് കിരീടധാരണം നടത്തി. പെപ്പിന്റെ കുടുംബത്തിൽനിന്നു മാത്രമേ രാജാക്കന്മാരുണ്ടാകാവൂ എന്ന് മാർപ്പാപ്പാ നിബന്ധനയും ഏർപ്പെടുത്തി (തിരുസ്സഭാചരിത്രം: ഫാ. കുടപ്പുഴ; പേജ് 324-325). ഇതിനു പ്രതിഫലമായി ഇററലിയിലെ ലൊമ്പാർഡു് പ്രദേശത്തിന്റെ ഭരണാധികാരിയായി മാർപ്പാപ്പായെ പെപ്പിൻ രാജാവു് നിയോഗിച്ചു. രാഷ്ട്രീയാധികാരം ലഭിച്ചതോടെ സഭാധികാരികളുടെ ക്രിസ്തീയലാളിത്യവും അരൂപിയും ആഡംബരജീവിതത്തിനും വേഷവിധാന

ങ്ങൾക്കും വഴിമാറിക്കൊടുത്തു എന്നു പറയേണ്ടിയിരിക്കുന്നു. സഭാധികാരികൾ രാജകൊട്ടാരങ്ങളിലെ സുഖജീവിതം ആരംഭിക്കുകയായി;രാജകീയ പ്രൗഢികൾ അവരുടെ എല്ലാ വ്യാപാരങ്ങളിലേക്കും കടന്നുവന്നു.

രാഷ്ട്രാധികാരം ലഭിച്ചശേഷം റോമാ പാപ്പാ, യൂറോപ്യൻ രാഷ്ട്രജീവിതത്തിൽ മറ്റേതൊരു രാജാവിനെപ്പോലെയും പ്രഭുവിനെപ്പോലെയും ആയി ത്തീർന്നു.

പാലസ്തീനയിലെ പാവപ്പെട്ടവരോട് ഉപദേശിച്ച രക്ഷയുടെ സന്ദേശം മറക്കപ്പെടുകയും, സഭ ഒരു രാഷ്ട്രീയശക്തിയായി ഉയരുകയും ചെയ്തു. മാർപ്പാപ്പമാരും മെത്രാന്മാരും എന്തും ചെയ്യാൻ മടിക്കാത്തവരും ആത്മീയമായ യാതൊരു ഗുണപോഷകമൂല്യവും ഇല്ലാത്തവരുമായി തീർന്നു. (കൂടുതൽ പഠനം നടത്താനാഗ്രഹിക്കുന്നവർ ഫാ. കൂടപ്പുഴയുടെ തിരുസ്സഭാചരിത്രം വായിക്കുക.) 1500 വരെയുള്ള കാലഘട്ടങ്ങളിലെ മാർപ്പാപ്പാമാരുടെ ജീവിതം കുത്തഴിഞ്ഞതായിരുന്നു. സഭാധികാരം ധാർമ്മികമായി തീർത്തും അധ:പതിച്ചു.

എന്നാൽ മാർപ്പാപ്പാമാരുടെയും മെത്രാന്മാരുടെയും സന്യാസിമാരുടെയും അധർമത്തെ എതിർക്കാൻ ആർക്കും സാധിക്കുമായിരുന്നില്ല. എതിർക്കുന്നവരെ ചുട്ടുകരിക്കുകയാണ് ചെയ്തുവന്നതു്. അക്കാലത്തെ പോപ്പുമാരെ തെരഞ്ഞെടുക്കുന്ന രീതി ഇന്ന് നാം വായിച്ചാൽ ലജ്ജിച്ചു തലതാഴ്ത്തും. "Out of the melee arose the wealtny Papal official and senator Theophylact, who, with his wife Theodora and two daughters Theodora and Marozia, dominated Rome for two generations. Marozia captivated Sergius by her charms and cemented her family's power. To the house of Theophylact John X (914 - 928) owed his elevation. He was a vigorous man of action who personally led the army to victory against the Saracenes and made his influence felt in both Germany andFrance. John XI (931 - 935), son of Marozia and Pope Sergius III, gave his mother free rein in affairs of the Roman government, but before long the Pope's brother Alberic seized control. This prince gave Rome effective government for twenty years, but only at the price of personally designating five successive Popes. Through the influence of Alberic's friend St. Odo of Cluny, a concern for spiritual reform reappeared in Rome. Unfortunately, the fifth Pope whom Alberic designated on his own death-bed was his son, John XII (955 - 964), with whom the Papacy sank to the lowest level in its history. Not yet twenty years old John gave himself up entirely to the persuit of pleasure in its manifold forms.........But one final shock preceded the general reform so longdelayed at Rome. Pope Benedict IX(1032-1044), variously estimated at twelve to twenty years old, returned to the spirit of revelry and sacrilege until even the Romans had had enough" (തിരുസ്സഭാചരിത്രം: ഫാ. കൂടപ്പുഴ; പേജ് 356-357).



മാർപ്പാപ്പാമാരുടെയും മെത്രാന്മാരുടെയും പുരോഹിതന്മാരുടെയും അധാർമ്മികജീവിതത്തെ എതിർത്തവർക്കെതിരെ "ഇൻക്വിസിഷൻ" എന്ന കിരാതമായ നീതിനിർവ്വഹണം നടത്തിപ്പോന്നു. "സംശയിക്കപ്പെടുന്ന വ്യക്തികൾക്ക് തങ്ങളുടെ നില വിശദീകരിക്കുവാനുള്ള അവകാശംപോലും പലപ്പോഴും ഉണ്ടായിരുന്നില്ല. വളരെയധികം നിരപരാധികൾ നിഷ്ഠുരണം വധിക്കപ്പെട്ടു. ഉദാഹരണത്തിനു് റോബർട്ട് എന്നൊരു ഡൊമിനിക്കൻ സന്യാസി 1239-ൽ ഒരൊറ്റദിവസം തന്നെ 180 - പാഷണ്ഡികളെ ദഹിപ്പിക്കുന്നതിനിടയാക്കി. മാനുഷികമായ നീതിപോലും പലർക്കും നിഷേധിക്കപ്പെട്ടിരുന്നു. അതുപോലെ ക്രൂരമായ ശാരീരികമർദ്ദനങ്ങളും നടന്നിരുന്നു." (തിരുസ്സഭാചരിത്രം: ഫാ. കൂടപ്പുഴ; പേജ് 389).

## ലൂഥറുടെ കാലത്തു് പേപ്പസിയുടെ നില

ലൂഥർ ജനിച്ചതു് 1483 ലാണ്. പേപ്പസിയെ അധഃപതനത്തിന്റെ നെല്ലിപ്പലകയിൽ എത്തിച്ച കാലഘട്ടമായിരുന്നു അതു്. അന്ന് മാർപ്പാപ്പാ ആയിരുന്നതു് സിക്സ്റ്റസ് നാലാമനായിരുന്നു. "Francesco della Rovere, general of Franciscans, when elected pope, undertook to make the papacy as powerful as the leading Italian states and, with this end in view, he pursued a policy of systematic nepotism and of matrimonial alliances" (An Outline History of The Church by Centuries: Joseph McSorley; Page 495). അദ്ദേഹത്തിന്റെ മരണശേഷം എട്ടാം ഇന്നസെന്റ് മാർപ്പാപ്പാ തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിനു് മൂന്നു മക്കളുണ്ടായിരുന്നു. ഒരാൾ ഭാര്യയിൽ ജനിച്ചതും രണ്ടുപേർ, സൂരിനമ്പൂതിരിയുടെ ഭാഷയിൽ "ഒളിസേവയി"ൽ ഉണ്ടായതും. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ച് മുൻസൂചിപ്പിച്ച ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "Innocent VIII was elected in a conclave which ranks as one of the most deplorable in the annals of Church history" (പേജ് 496). 1492-ൽ ഇന്നസെന്റ് മാർപ്പാപ്പാ മരിച്ചു. തുടർന്ന് മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതു് റോഡ്രിഗോ ബോർജിയാ എന്ന കർദ്ദിനാളായിരുന്നു. കാലിസ്റ്റസ് മൂന്നാം മാർപ്പാപ്പാ തന്റെ മരുമകനായ ബോർജിയായെ 26-ാം വയസ്സിലാണ് കർദ്ദിനാളായി ഉയർത്തിയതു്. 27-ാം വയസ്സിൽ സഭയുടെ വൈസ്ചാൻസലർ പദവിയും അദ്ദേഹത്തിനു നൽകി. മാർപ്പാപ്പാസ്ഥാനലബ്ധിക്കു്, കർദ്ദിനാളന്മാർക്കു് വൻപിച്ച കൈക്കൂലി കൊടുത്താണ് ബോർജിയാ പാപ്പാ അലക്സാണ്ടർ ആറാമനായതു്. കർദ്ദിനാൾ എന്ന നിലയിൽ അദ്ദേഹത്തിനു് വളരെയധികം മിസ്ട്രസ്സുമാരും അവരിൽ ആറോളം പുത്രീപുത്രന്മാരും ഉണ്ടായിരുന്നു. പോപ്പിന്റെ ഒരു മിസ്ട്രസ്സായിരുന്ന ഗിലിയാ ഫാർനസ്സിന്റെ സഹോദരൻ അലസ്സാന്ദ്രോ ഫാർനസ്സിനെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം കർദ്ദിനാളായി ഉയർത്തി. അദ്ദേഹത്തെ പെറ്റിക്കോട്ട് കർദ്ദിനാൾ എന്ന് വിളിച്ചുപോന്നു. ഇദ്ദേഹമാണ് പിന്നീട് മൂന്നാം പോൾ മാർപ്പാപ്പാ ആയതു് (1534-49). അലക്സാണ്ടർ മാർപ്പാപ്പാ തന്റെ മകൻ സീസ്സറെ 18-ാം വയസ്സിൽ കർദ്ദിനാളാക്കി ഉയർത്തി. കർദ്ദിനാളായ സീസ്സറെ പിന്നീട് പൗരോഹിത്യത്തിൽനിന്നും 22-ാം വയസ്സിൽ ഒഴിവാക്കി ഫ്രാൻസിലെ ഒരു രാജകുമാ

രിയെക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഫ്രാൻസിൻെറയും ഇററലിയുടെയും അധിപനാക്കി. അലക്സാണ്ടറുടെ പുത്രി ലൂസെസിയാ (Lucezia)യെ ജിയോവാനി സ്ഫ്രോസാ പ്രഭു (Giovanni Sforza)വാണ് വിവാഹം കഴിച്ചിരുന്നത്. മൂന്നു കൊല്ലത്തിനുശേഷം അലക്സാണ്ടർ മാപ്പാപ്പാ ഈ വിവാഹം അസാധുവാക്കുകയും മകളെ മറെറാരു പ്രഭുവിനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ചെയ്തു.

അലക്സാണ്ടർ മാർപ്പാപ്പായുടെ ഇത്തരം അധാർമ്മികപ്രവൃത്തികൾ ക്രൈസ്തവസമൂഹത്തിൽ ധാർമ്മികരോഷം ഊതിയുണർത്തി.

അലക്സാണ്ടർ മാപ്പാപ്പായുടെ മരണശേഷം പീയൂസ് മൂന്നാമൻ, മാപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, മാസങ്ങൾക്കുശേഷം അദ്ദേഹം മരിച്ചു. തുടർന്ന് ജൂലിയസ് രണ്ടാമൻ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം അലക്സാണ്ടർ ആറാമൻെറ കുടുംബത്തിന് (ബോർജിയാ) റോമിലുണ്ടായിരുന്ന എല്ലാ രാഷ്ട്രീയസ്വാധീനങ്ങളെയും തകർത്തു. പേപ്പസിയുടെ അധാമ്മികതയ്ക്കെതിരായി ഉയർന്നുവന്ന ധാമ്മികരോഷത്തെ ഉപരിപ്ലവമായി കണക്കാക്കിയ ജൂലിയസ്, സിസ്റ്റൈൻ ചാപ്പലിൻെറ നിർമ്മാണത്തിനും റോമിനെ കൂടുതൽ സുന്ദരമാക്കുന്നതിനും പണം വാരിക്കോരി ചെലവഴിച്ചു. 1513-ൽ ജൂലിയസ് പാപ്പാ മരണമടഞ്ഞു. തുടർന്ന് ലിയോ പത്താമൻ 37-ാം വയസ്സിൽ മാർപ്പാപ്പാ ആയി.

ലിയോ (ജിയോവാനി)ഇററലിയിലെ സമ്പന്നകുടുംബമായ മെഡിസിത്തറവാട്ടിൻെറ പൊന്നോമനപ്പുത്രനായിരുന്നു. പ്രതാപവാനായ ലോറൻസോ പ്രഭു തൻെറ പുത്രനെ 7-ാം വയസ്സിൽ പുരോഹിതനാക്കി. 8-ാം വയസ്സിൽ ആബട്ട് ആയി നിയമിച്ചു. ഇന്നസെൻറ് എട്ടാമൻ മാർപ്പാപ്പാ, ജിയോവാനിയെ 14-ാം വയസ്സിൽ കർദ്ദിനാളായി ഉയർത്തി. എങ്കിലും ബാലനാണെന്ന കാരണത്താൽ 18-ാമത്തെ വയസ്സിൽ മാത്രമെ കർദ്ദിനാൾ ''തിരു''സംഘത്തിൽ പ്രവേശിക്കാനനുവദിച്ചുള്ളൂ. മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ലിയോ തൻെറ സഹോദരൻ ഗിലിയാനോയിക്ക് എഴുതിപോലും ''നമുക്ക് ദൈവം മാർപ്പാപ്പാസ്ഥാനം നൽകിയിരിക്കുന്നു. നമുക്ക് അതു് ആസ്വദിക്കാം.'' പാപ്പാപദം മെഡിസികുടുംബത്തിൻെറ ഉന്നമനത്തിനായി ലിയോ തുറന്നിട്ടു. ലിയോ 1521-ൽ മരിച്ചു.

ലൂഥറിൻെറ സഭാനവീകരണവാഞ്ഛയുടെ പശ്ചാത്തലം മനസ്സിലാക്കുവാനാണ് അക്കാലത്തെ മാർപ്പാപ്പാമാരെയും അവരെ തെരഞ്ഞെടുത്ത കർദ്ദിനാളന്മാരെയും കുറിച്ച് ലഘുവായി വിവരിച്ചതു്. ക്രിസ്തുവിൻെറ വികാരിമാരെന്നും സ്വർഗ്ഗത്തിൻെറ താക്കോൽകാരെന്നും സ്വയം വിവരിച്ചിരുന്ന പാപ്പാമാർ, യൂറോപ്പിലെ മറേറതൊരു രാജാവിനെയുംപോലെ ക്രൂരരും വിഷയാലംബടരും സ്ഥാനമോഹികളുമായിരുന്നു. സഭാഭരണമണ്ഡലം അടിമുതൽ മുടിവരെ അഴിമതി നിറഞ്ഞതായിരുന്നു. ''ചരിത്രകാരനായ പീയർ ജനേൽ (Pierre Jannelle) 'The Catholic Reformation' എന്ന പുസ്തകത്തിൽ, 15-ാം നൂററാണ്ടിലെ പാശ്ചാത്യസഭയെയും റോമൻകൂരിയായെയും സഭാധികാരികളെയും പററി ഭംഗിയായി വിവരിച്ചിട്ടുണ്ട്. പ്രഥമാദ്ധ്യായങ്ങളിൽ അദ്ദേഹം റോമൻ



കൂരിയായിലും സഭാനേതൃത്വത്തിലും നടമാടിയിരുന്ന കൊടിയ അഴിമതികൾ ചിത്രീകരിക്കുന്നു. വൈദികരുടെ ധാർമ്മികനിലവാരം ശോചനീയമാംവിധം അധ:പതിച്ചു. വിശുദ്ധകർമ്മങ്ങൾ ധനാഗമമാർഗ്ഗമാക്കുക അവരുടെ നിത്യത്തൊഴിലായി. സ്വജനപക്ഷപാതം (Nepotism) അവകാശവും കടമയുമായി കരുതപ്പെട്ടു. ബഹുമുഖാധികാരം (Pluralism) മെത്രാന്മാർക്കിടയിൽ സർവ്വസാധാരണമായിത്തീർന്നു. മെത്രാന്മാർ പലപ്പോഴും സ്വന്തം രൂപതകളിൽ താമസിക്കാറേ ഇല്ല. കാനൻനിയമപണ്ഡിതന്മാർ കാനൻനിയമത്തിൻെറ പഴുതുകൾനോക്കി മുതലെടുക്കുകയായിരുന്നു. അങ്ങനെ സഭാധികാരികൾ ഭൗതികമണ്ഡലത്തിലേക്ക് വഴുതിവീണുകിടക്കുന്ന അവസരം......സാധാരണക്കാരല്ല സഭാധികാരികളാണ് നവീകരണയത്നങ്ങൾക്ക് ആരംഭം കുറിക്കേണ്ടതും നേതൃത്വം നൽകേണ്ടതും; അതുണ്ടായില്ല. അതിന് കഴിവുള്ള പാപ്പാമാരാരും ഉണ്ടായില്ല അക്കാലത്തു്. നവീകരണം നടത്തേണ്ട കൂരിയായിലെ അംഗങ്ങളിലായിരുന്നു അഴിമതികൾ അധികവും. അതിനാൽ അധികാരികൾ പലരും നവീകരണത്തിൻെറ ആവശ്യകത മനസ്സിലാക്കിയിട്ടും സ്വന്തം സുരക്ഷിതത്വത്തിനുവേണ്ടി കണ്ണടച്ചുകളഞ്ഞു. ഒററപ്പെട്ട ചില വ്യക്തികളും സംഘടനകളും നവീകരണത്തിനായി മുറവിളി കൂട്ടിയിരുന്നു. അതുകൊണ്ട് വലിയ ഫലമുണ്ടായില്ല'' [തിരുസ്സഭാചരിത്രം: ഫാ. കൂടപ്പുഴ; പേജ് 562–563].

## നവീകരണപരിശ്രമങ്ങൾ

സഭയുടെ ധാർമ്മികമായ അധ:പതനത്തിൽ വ്യാകുലചിത്തരായ വളരെയധികം ദൈവമനുഷ്യർ മദ്ധ്യയുഗങ്ങളിൽ സഭയുടെ നവീകരണത്തിനുവേണ്ടി വാദിച്ചിരുന്നു. അവരെ രണ്ടു തരമായി തിരിക്കാം. പൊതുവെ ക്രൈസ്തവസമൂഹത്തിൽ വന്നുഭവിച്ച അക്രൈസ്തവികതയെ, സ്വയം നവീകരണത്തിലൂടെ തുത്തു നീക്കാം എന്ന് കരുതിയവർ. ഫ്രാൻസീസ് അസ്സീസിയെപ്പോലെ തികഞ്ഞ ആത്മാർത്ഥതയും ക്രൈസ്തവജീവിതപ്രമാണങ്ങളോട് ആഭിമുഖ്യവുമുള്ളവർ അങ്ങനെ വിശുദ്ധജീവിതം നയിച്ചവരായിരുന്നു. സഭാഭരണമണ്ഡലത്തിൽ അഴിമതിയും അധാർമ്മികതയും തളംകെട്ടി നിൽക്കുന്നു എന്ന് അവർക്കറിയാമായിരുന്നെങ്കിലും ഘടനാപരമായ നവീകരണത്തിനുവേണ്ടി വാദിക്കാൻ അവർ തയ്യാറായില്ല. സഭയുടെ ഘടനാപരമായ അഴിമതിയുടെ മുമ്പിൽ ഈ ദൈവമനുഷ്യർ നിസ്സഹായരായിരുന്നു. രാജകീയാധികാരഖഡ്ഗം ഉയർത്തിനിന്ന സഭാധികാരം ഏതു് എതിർപ്പുകളെയും നിഷ്ക്കരുണം തകർക്കുമെന്ന് അവർക്കറിയാമായിരുന്നു. അവർ സ്ഥാപനാകാരസഭയെ ഭയന്നു; അല്ലെങ്കിൽ അവൾ നവീകരണവശംവദയാകുകയില്ലെന്ന് അവർ വിശ്വസിച്ചു. അവർ, സഭാനവീകരണത്തിനായി സഭകളും കൂട്ടായ്മകളും സ്ഥാപിച്ചു. പക്ഷേ, ആ നല്ല മനുഷ്യരുടെ മരണത്തിനുശേഷം തങ്ങൾ സ്ഥാപിച്ച സഭകളും സ്ഥാപനാകാരങ്ങളായി അഴിമതിയുടെ ചെളിക്കുണ്ടിൽ താഴ്ന്നു.

ഈ കാലഘട്ടത്തിൽ മറെറാരു വിഭാഗംപേർ, സ്ഥാപനാകാരസഭയുടെ അഴിമതിക്കെതിരെ ശക്തമായി പ്രതികരിച്ചു. വ്യക്തിനവീകരണംപോലെതന്നെ, സഭയുടെ ഘടനാപരമായ നവീകരണവും ആവശ്യമാണെന്ന് അവർ

വിശ്വസിച്ചു. ക്രൈസ്തവസഭയുടെ നവീകരണമാണ് അവർ ലക്ഷ്യമാക്കിയത്. ക്രിസ്തുവിന്റെ സനാതനപഠനങ്ങൾക്ക് ആധാരം വിശുദ്ധഗ്രന്ഥമാണെന്ന് അവർ വിശ്വസിച്ചു. വിശുദ്ധഗ്രന്ഥത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന ക്രൈസ്തവസന്ദേശത്തിനു വിരുദ്ധമായ ഘടനകളെയും പഠനങ്ങളെയും പാരമ്പര്യങ്ങളെയും അവർ എതിർത്തു. ഈ എതിർപ്പിന്റെ കുന്തമുനകൊണ്ട് മുറിവേററത് അധർമ്മത്തിൽ ഊളിയിട്ടു കഴിഞ്ഞിരുന്ന സഭാധികാരമായിരുന്നു.

രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരെ, സഭാധികാരം അതിശക്തമായി എതിർത്തു. റോമാചക്രവർത്തിമാർ ആദിമക്രിസ്ത്യാനികൾക്കെതിരെ എടുത്തുപ്രയോഗിച്ച എല്ലാ സംഹാരതന്ത്രങ്ങളും റോമൻ മാർപ്പാപ്പാമാരും മെത്രാന്മാരും അവരുടെ ഏജൻറന്മാരായി വർത്തിച്ച രാജാക്കന്മാരും ഇവർക്കെതിരെ എടുത്തു പ്രയോഗിച്ചു. അന്ന് പാപ്പാപദവി ഓരോ കാലഘട്ടങ്ങളിൽ രാജാക്കന്മാരുടെ പരിരക്ഷണത്തിലായിരുന്നു. ഈ പരിരക്ഷണം ഏകദിശിപ്രവാഹമായിരുന്നില്ല; മാർപ്പാപ്പാമാരുടെയും മെത്രാന്മാരുടെയും അതിക്രമങ്ങളെ രാജാക്കന്മാർ സംരക്ഷിച്ചു; രാജാക്കന്മാരുടെ അതിക്രമങ്ങളെ മാർപ്പാപ്പാമാരും. സ്വകാര്യതാല്പര്യസംരക്ഷണത്തിന് അവർ പരസ്പരം എതിർത്തിട്ടില്ല എന്ന് അർത്ഥമില്ല പക്ഷേ, പൊതുവേ രാജാധികാര-സഭാധികാരബന്ധം സഭാനവീകരണത്തെ തടയുന്ന ഏററവും ശക്തമായ ഉരുക്കുകോട്ടയും മർദ്ദനോപകരണവുമായിരുന്നു.

ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പ്രേരിതരായി സഭാനവീകരണത്തിനിറങ്ങിത്തിരിച്ചവരെ രാജാധികാര-സഭാധികാരശക്തികൾ സംഹരിച്ചു. എങ്കിലും ആദർശധീരരായ പലരും സഭയുടെ അധികാരതലങ്ങളിൽ നടമാടിയിരുന്ന അഴിമതിയെ എതിർത്തു. അവരിൽ വൈക്ലിഫ്, ഹെസ്സ്, സാവനറോളാ മുതലായ ധീരന്മാർ പ്രത്യേകം സ്മരണീയരാണ്. ഹെസ്സിനെയും സാവനറോളായെയും സഭാധികാരം വധിച്ചു. വൈക്ലിഫിനെ വധിക്കാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിന്റെ അസ്ഥികൾ മാന്തിയെടുത്ത് പ്രതികാരം വീട്ടി. സാവനറോളായെ(ഡൊമിനിക്കൻ വൈദികനായിരുന്നു) സഹപ്രവർത്തകനോടൊപ്പം തൂക്കിക്കൊന്നതിനുശേഷം ശവശരീരം ദഹിപ്പിച്ചു. ഹെസ്സിനെ ജീവനോടെ കത്തിച്ചുകളഞ്ഞു. നൂറുകണക്കിന് പ്രശസ്തരല്ലാത്തവരെ ഇത്തരത്തിൽ വധിച്ചു. സഭാധികാരത്തെ എതിർത്ത പലരും പീഡിപ്പിക്കപ്പെട്ടു; ജയിലറകളിൽ അടയ്ക്കപ്പെട്ടു.

ദൈവമനുഷ്യർ ഇങ്ങനെ പീഡിപ്പിക്കപ്പെട്ടപ്പോൾ, മാർപ്പാപ്പാമാരും മെത്രാന്മാരും സന്യാസികളും ജീവിതസുഖങ്ങളുടെ മുന്തിരിച്ചാർ ക്രിസ്തുവിന്റെ പേരിൽ മുത്തി മുത്തി കുടിക്കുകയായിരുന്നു.

ഈ സാമൂഹ്യപശ്ചാത്തലത്തിലാണ് ലൂഥർ ജനിച്ചതും വളർന്നതും; അധർമ്മത്തിന്റെ കോട്ടകൊത്തളങ്ങൾക്കെതിരെ ആഞ്ഞടിച്ചതും.

ലൂഥർ ജർമ്മനിയിലെ ഒരു സാധാരണ കുടുംബത്തിലാണ് ജനിച്ചത്. പിതാവ് ഒരു ഖനിതൊഴിലാളിയായിരുന്നു. സാമ്പത്തിക പരാധീനതയിലും ലൂഥർ ജ്ഞാനതൃഷ്ണയുള്ള നല്ല വിദ്യാർത്ഥിയായിരുന്നു. പഠനത്തിനുശേഷം



സന്യാസാശ്രമത്തിൽ പ്രവേശിച്ച ലൂഥർ കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചുപോന്നു.

മനുഷ്യൻ പാപത്തിലാണെന്നും ഈ പാപാവസ്ഥ മനുഷ്യനെ ദൈവത്തിന്റെ വരദാനത്തിൽനിന്നും ഒഴിച്ചു നിറുത്തുമെന്നുമായിരുന്നു അക്കാലത്തെ ദൈവശാസ്ത്രവീക്ഷണം. അപ്പോൾ പാപിയായ മനുഷ്യൻ ദൈവമുൻപിൽ സ്വീകാര്യനായിത്തീരണമെങ്കിൽ പാപത്തിനു പരിഹാരം ചെയ്യണം. കഠിനമായ തപസ്ചര്യകളും ശരീരപീഡനവുമെല്ലാം പാപത്തിനു പരിഹാരമായിത്തീരുമെന്നും അങ്ങനെ അവയുടെ അനുഷ്ഠാനംകൊണ്ട് ദൈവപ്രീതി നേടാമെന്നുമുള്ള വീക്ഷണം അന്നു നിലനിന്നിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ അതീവതല്പരനായിരുന്ന ലൂഥർ ഉപവാസമനുഷ്ഠിക്കുകയും ശരീരത്തെ പീഡിപ്പിക്കുകയും ചെയ്തുപോന്നു.

ലൂഥർ വിദ്യാർത്ഥിയായിരുന്ന കാലത്താണ് ലത്തീനിലുള്ള ഒരു ബൈബിൾ ലൈബ്രറിയിൽനിന്നും അദ്ദേഹത്തിനു ലഭിച്ചത്. അക്കാലത്ത് പ്രാദേശിക ഭാഷകളിലേക്ക് ബൈബിൾ തർജ്ജമ ചെയ്യുന്നതിനെ സഭ നഖശിഖാന്തം എതിർത്തുപോന്നു. ലത്തീനിലും ഗ്രീക്കിലും മാത്രമാണ് ബൈബിളിന്റെ പ്രതികൾ ലഭ്യമായിരുന്നത്; അതും അപൂർവ്വമായി മാത്രം. മാത്രമല്ല സഭാധികാരത്തിന്റെ അനുവാദമില്ലാതെ ബൈബിൾ വായിക്കുന്നത് ശിക്ഷാർഹവുമായിരുന്നു. അന്നത്തെ മതജീവിതത്തിന്റെ ഊടുംപാവും നെയ്തത് ക്രിസ്തുവിന്റെ തനിമയാർന്ന പഠനങ്ങൾകൊണ്ടായിരുന്നില്ല. ലൂഥർ ബൈബിൾ വായിക്കാനാരംഭിച്ചു. നന്നായി പഠിച്ചു. ബൈബിൾ പഠിക്കുന്നതിനും ബൈബിൾ അടിസ്ഥാനമാക്കി പ്രസംഗിക്കുന്നതിനും ലൂഥറിന്റെ സുപ്പീരിയർ ലൂഥറിനെ അനുവദിച്ചു. ജ്ഞാനതൃഷ്ണയും മത തീവ്രതയുമുണ്ടായിരുന്ന ലൂഥർ വെള്ളം കണ്ട താറാവിനെപ്പോലെ ബൈബിൾ പഠനത്തിൽ ആമഗ്നനായി. ദൈവവചനം ക്രൈസ്തവ മതജീവിതത്തിന്നാധാരശിലയാണെന്ന് ലൂഥർ മനസ്സിലാക്കി. ഇതിനോടകം ലൂഥർ സർവ്വകലാശാലാദ്ധ്യാപകനെന്നനിലയിൽ പാണ്ഡിത്യത്തിലും ഭക്തിയിലും പ്രസിദ്ധനായിത്തീർന്നു.

ഈ അവസരത്തിലാണ് ഒരു അതിപ്രധാനമായ സന്യാസസഭാ പ്രശ്നത്തെക്കുറിച്ച് റോമിൽവച്ചു നടക്കുന്ന ചർച്ചയിൽ പങ്കെടുക്കാൻ ലൂഥർ റോമിലേയ്ക്ക് യാത്രതിരിച്ചത്. ജർമ്മനിയിൽനിന്നും കാൽനടയായിട്ടായിരുന്നു ലൂഥറിന്റെ യാത്ര. റോമിലേയ്ക്കുള്ള തീർത്ഥാടനം പാപപരിഹാരമാകുമെന്ന വിശ്വാസം അന്ന് സഭയിൽ രൂഢമൂലമായിരുന്നു. ഭിക്ഷയിരന്നും സന്യാസാശ്രമങ്ങളിൽ വിശ്രമിച്ചും ക്ലേശകരമായ യാത്രയ്ക്കുശേഷം ഇററലിയിൽ എത്തി.

ജർമ്മനിയിലെ സന്യാസാശ്രമങ്ങളിൽനിന്നും തികച്ചും വിഭിന്നമായിരുന്നു ഇററലിയിലെ സന്യാസാശ്രമങ്ങൾ. സമ്പത്തും പ്രൗഢിയും ഒത്തിണങ്ങിയ മണിമന്ദിരങ്ങൾ. ദാരിദ്ര്യം ഏട്ടിലും സുഖജീവിതം പ്രയോഗത്തിലും കാത്തുസൂക്ഷിച്ചവരായിരുന്നു സന്യാസിമാർ. വിശുദ്ധിയുടെ നിറകുടം തുളുമ്പി നില്ക്കുന്ന പുണ്യപൂജ്യഭൂമിയായ റോമിനെ ഭാവനയിൽ കണ്ടിരുന്ന ലൂഥറെ, അവിടെ നടമാടിയിരുന്ന ലൗകികതയും ലൈംഗികതയും കഠിനമായി നടുക്കി. തന്റെ

ഹൃദയത്തിൽ പൂജ്യമായി കാത്തുസൂക്ഷിച്ചിരുന്ന മനോഹര മെഴുകുബിംബം റോമിലെ യാഥാർത്ഥ്യത്തിന്റെ ചൂടിൽ ഉരുകിനശിച്ചു. ലൂഥർ ഒരു ആദ്ധ്യാത്മിക പ്രതിസന്ധിയിൽ ചെന്നുപെട്ടു.

പാപാവസ്ഥയിൽനിന്നും മനുഷ്യൻ ദൈവവുമായി അനുരഞ്ജനപ്പെടുന്നതിന് കടുത്ത തപസ്സും ശാരീരിക പീഡനങ്ങളും ആവശ്യമാണെന്ന് ഔദ്യോഗികമായി പഠിപ്പിക്കുകയും പാപത്തിന്റെ ചെളിക്കുണ്ടിൽ സൂകരങ്ങളെപ്പോലെ കെട്ടിമറിയുകയും ജീവിതത്തിന്റെ മുന്തിരിച്ചാറ് ഊററി ഊററിക്കുടിക്കുകയും ചെയ്യുന്ന റോമിലെ മാർപ്പാപ്പാ ഉൾപ്പെടെയുള്ള ഭരണാധികാരവർഗ്ഗത്തിന്റെ പൊയ്മുഖം ലൂഥറിലെ ആദ്ധ്യാത്മിക മനുഷ്യനെ വിവശനാക്കി.

ആദ്ധ്യാത്മിക നൽവരങ്ങൾക്കുവേണ്ടി പ്രതീക്ഷയുടെ കനകചഷകവുമായി വിശുദ്ധ നഗരത്തിലെത്തിയ ലൂഥർ, റോമിലെ പള്ളികളിൽ, ആത്മരക്ഷ പണത്തിനു വിൽക്കുന്ന മാർപ്പാപ്പായെയും കർദ്ദിനാളന്മാരെയും പുരോഹിതരേയും കണ്ട് ഞെട്ടി. യാഥാർത്ഥ്യമെന്നു കരുതി ഹൃദയത്തിൽ സൂക്ഷിച്ചവയെല്ലാം മിഥ്യയാണെന്ന വസ്തുത ലൂഥറിന്റെ ഹൃദയത്തെ കലക്കി. പണമുണ്ടെങ്കിൽ സ്വർഗ്ഗംപോലും വാങ്ങാമെന്ന മിഥ്യ സൃഷ്ടിക്കുന്ന സംവിധാനമായിരുന്നു അന്നു റോമിലുണ്ടായിരുന്നത്. റോമിൽ അന്നു നിലവിലിരുന്ന ഭരണസമ്പ്രദായത്തെക്കുറിച്ച് മുൻസൂചിപ്പിച്ചിരുന്നല്ലോ.

ഈ വിശുദ്ധ കച്ചവടത്തിന് പിൻതുണ നൽകാനുതകുന്ന ഒരു ദൈവശാസ്ത്രവും റോമിൽ വികസിപ്പിച്ചെടുത്തിരുന്നു. ഇതായിരുന്നു ആ ദൈവശാസ്ത്രം.

സഭയ്ക്ക് എല്ലാ പുണ്യവാന്മാരുടെയും സൽപ്രവർത്തികളുടെ ഫലമായി സ്വരൂപിച്ചുണ്ടാക്കിയ ദൈവാനുഗ്രഹത്തിന്റെ വലിയ ഡിപ്പോസിററ് സ്വർഗ്ഗത്തിലുണ്ട്. ഇത് ഓരോ വ്യക്തികൾക്കും വീതിച്ചു കൊടുക്കാനുള്ള അധികാരം മാർപ്പാപ്പായ്ക്കാണ്. മനുഷ്യർ തങ്ങൾ ചെയ്ത പാപങ്ങൾക്ക് പരിഹാരം ചെയ്തെങ്കിൽ മാത്രമേ സ്വർഗ്ഗപ്രവേശനത്തിന് അർഹനായി തീരുകയുള്ളു. പത്രോസിന്റെ പിൻഗാമിയും സ്വർഗ്ഗത്തിന്റെ താക്കോൽക്കാരനുമെന്ന നിലയിൽ, സ്വർഗ്ഗീയ നിക്ഷേപത്തിന്റെ വിതരണത്തിന്റെ കുത്തകാവകാശം മാർപ്പാപ്പായ്ക്കാണ്. പണം കൊടുത്താൽ മാർപ്പാപ്പായ്ക്ക് സ്വർഗ്ഗത്തിലുള്ള അനുഗ്രഹനിക്ഷേപം വീതിച്ചുകൊടുക്കാൻ അവകാശമുണ്ട്. ജീവിച്ചിരിക്കുന്നവർക്ക് തങ്ങൾ ചെയ്ത പാപങ്ങൾക്കും, ചെയ്യാൻ പോകുന്ന പാപങ്ങൾക്കും ഉള്ള പരിഹാരമായി ദൈവാനുഗ്രഹം മാർപ്പാപ്പായിൽ നിന്നും വാങ്ങി സൂക്ഷിക്കാം. മാത്രമോ, മരിച്ചുപോയവരുടെ ആത്മാക്കൾക്കുള്ള പാപ പരിഹാരത്തിനു വേണ്ടിയുള്ള അനുഗ്രഹങ്ങളും മാർപ്പാപ്പായ്ക്ക് വിതരണം ചെയ്യാനുള്ള അവകാശമുണ്ട്!

ഈ അനുഗ്രഹ വിതരണത്തിന് മാർപ്പാപ്പായുടെ നിബന്ധന പണമാണ്. പണം കൊടുത്ത് അനുഗ്രഹചീട്ടു വാങ്ങുക!

മദ്ധ്യകാല യുഗങ്ങളിൽ മാർപ്പാപ്പാമാർ ധാർമ്മികമായി അധപ്പതിച്ച



കാലത്ത് വികസിപ്പിച്ചെടുത്ത ഒരു ദൈവശാസ്ത്രമായിരുന്നു ''ഈ സ്വർഗ്ഗീയ നിക്ഷേപങ്ങളുടെ ബാങ്ക്'' എന്ന ആശയം. ലൂഥറിന്റെ കാലത്ത് ഈ നിക്ഷേപവിതരണം തീർത്തും അപഹാസ്യമാംവിധം കച്ചവടമായി തീർന്നു. ദൈവാനുഗ്രഹം പണം കൊടുത്തു വാങ്ങാം എന്ന ധാരണ എമ്പാടും സൃഷ്ടിച്ചു. പണമാണ് മതജീവിതത്തിന്റെ മുഖ്യഘടകം എന്നു വന്നു.

ബൈബിൾ അഗാധമായി പഠിച്ചുകൊണ്ടിരുന്ന ലൂഥറിനെ ഈ മാമ്മോന്റെ ദൈവശാസ്ത്രം ചൊടിപ്പിച്ചു. ദൈവാനുഗ്രഹം പണം കൊടുത്തു വാങ്ങാം എന്ന സമീപനം തികച്ചും സുവിശേഷവിരുദ്ധമാണെന്നും ലൂഥർ കണ്ടു. അപ്പോസ്തലന്മാർ സമരിയായിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ ശെമയോൻ എന്ന മാന്ത്രികൻ പണം കൊടുത്തു പരിശുദ്ധാത്മാവിന്റെ ശക്തി വിലയ്ക്കു വാങ്ങാൻ പരിശ്രമിക്കയുണ്ടായി. അയാളോട് പത്രോസു പറഞ്ഞു:'' 'നിന്റെ വെള്ളിത്തുട്ടുകൾ നിന്നോടുകൂടി നശിക്കട്ടെ. കാരണം, ഈ ദൈവദാനം പണംകൊണ്ടു നേടാമെന്ന് നീ വ്യാമോഹിച്ചു. ഇക്കാര്യത്തിൽ നിനക്കു പങ്കാളിത്തമോ അവകാശമോ ഉണ്ടായിരിക്കയില്ല. കാരണം, നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ല. അതിനാൽ നിന്റെ ഈ അധർമ്മത്തെക്കുറിച്ച് അനുതപിച്ച് കർത്താവിനോട് പ്രാർത്ഥിക്കുക; നിന്റെ ഹൃദയത്തിന്റെ അധമ്മ ചിന്തയ്ക്ക് മാപ്പു കിട്ടിയേക്കാം. നീ കഠിന വിദ്വേഷത്തിലും അനീതിയുടെ അടിമത്തത്തിലും ആണെന്നു ഞാൻ കാണുന്നു'''(അപ്പ 8: 20-23). ഇങ്ങനെ ദൈവാനുഗ്രഹം പണം കൊടുത്തു വാങ്ങുന്നതിനെ അപ്പോസ്തലന്മാർ കഠിനമായി അതിക്ഷേപിച്ചിരിക്കേ, പണം കൊടുത്ത് ദൈവാനുഗ്രഹം വാങ്ങാം എന്ന ആശയം സുവിശേഷവിരുദ്ധമാകയാൽ അതിനെ എതിർക്കേണ്ടതാണെന്ന് ലൂഥറിനു തോന്നി.

ലൂഥറുടെ റോമാ സന്ദർശനത്തിനുശേഷം തന്റെ സുവിശേഷപഠനങ്ങളുടെ വെളിച്ചത്തിൽ താൻ സ്നേഹിക്കുന്ന സഭയിൽ നടമാടിയിരുന്ന ക്രിസ്തുവിരുദ്ധപ്രവണതകളെയും പാരമ്പര്യങ്ങളെയും മനസ്സാ ചോദ്യം ചെയ്തു വരുകയായിരുന്നു.

വത്തിക്കാനിൽ ഇന്നുള്ള ബസ്സലിക്കാ നിർമ്മിക്കുന്നതിൽ മാർപ്പാപ്പാ അക്കാലത്ത് ഏർപ്പെട്ടിരിക്കയായിരുന്നു. വൻപിച്ച സാമ്പത്തിക ബാദ്ധ്യതയുള്ളതായിരുന്നു ഈ നിർമ്മാണവേല. ഇതിന് പണം നേടുന്നതിന് അതിവിദഗ്ദ്ധമായി ചെയ്ത ''ദണ്ഡവിമോചന ചീട്ടു''വിൽപ്പന ആസൂത്രണം ചെയ്യപ്പെട്ടു, ഏതു പാപിക്കും സ്വഗ്ഗത്തിൽ ദൈവത്തിന്റെ അനുഗ്രഹം നേടുന്നതിനുള്ള, അനുഗ്രഹത്തിന്റെ പോസ്റ്റുഡേററഡ് ചെക്ക് മാപ്പാപ്പായുടെ പേരിൽ ഇതിന്നായി നിയമിച്ചിട്ടുള്ള ഏജൻറന്മാർ നിശ്ചിത വിലയ്ക്ക് വിൽക്കും. അതു വാങ്ങുന്നവക്ക് അവരുടെ പേരിൽ സ്വഗ്ഗത്തിൽ അനുഗ്രഹങ്ങൾ നീക്കി വയ്ക്കപ്പെടുന്നു. പോരാ, മരിച്ചവർക്കു വേണ്ടിയും ഈ ദണ്ഡവിമോചന ചീട്ടു വാങ്ങാം. ഉടൻ തന്നെ പരേതാത്മാവ് ശുദ്ധീകരണ സ്ഥലത്തുനിന്നും വിമോചിതനായി സ്വർഗ്ഗത്തിലേക്ക് ഉയരും!

ദണ്ഡവിമോചന ചീട്ടുവിൽപന അക്കാലത്ത് നിലവിലുണ്ടായിരുന്നെങ്കിലും, അതിന്റെ എല്ലാ പൈശാചിക പരിവേഷത്തിലും ജർമ്മനിയിൽ അക്കാ

ലത്തു് അവതരിക്കാൻ ചില കാരണങ്ങളുണ്ടായിരുന്നു. ഫാ. കൂടപ്പുഴ ആ കാരണങ്ങൾ വിവരിക്കുന്നു: ''ബ്രാൻഡൻബർഗ്ഗിലെ ജൊവാക്കീം പ്രഭുവിന്റെ അനുജനായ ആൽബർട്ട് (Albert of Brandenburg) ഇരുപത്തിമൂന്നാമത്തെ വയസ്സിൽ മാഗ്ഡെബർഗ് (Magdeburg) അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയമിതനായി! ഇതിനുമുമ്പുതന്നെ ഹൽബർസ്റ്റാട്ട് (Halberstadt) രൂപതയുടെ ഭരണച്ചുമതല അദ്ദേഹത്തിനുണ്ടായിരുന്നു. ഒരേ സമയം രണ്ടു രൂപതകൾ കൈവശം വച്ചുകൊണ്ടിരിക്കുകയെന്നതു് കാനൻനിയമമനുസരിച്ചു് അനുവദനീയമായിരുന്നില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ പ്രായക്കുറവും കുത്തഴിഞ്ഞ ജീവിതവും നിയമതടസ്സങ്ങളുണ്ടാക്കി. എന്നിട്ടും മാർപ്പാപ്പാ ഈ കുററങ്ങളിൽനിന്നെല്ലാം അദ്ദേഹത്തെ ഒഴിവാക്കി. വിചിത്രമെന്നു പറയട്ടെ ഒരു കൊല്ലത്തിനകം മൈൻസ് (Mainz) അതിരൂപതയുടെ ആർച്ചുബിഷപ്പായിക്കൂടി അദ്ദേഹം നിയമിതനായി! പ്രായക്കുറവിൽനിന്നുള്ള നിയമതടസ്സം മാറിക്കിട്ടുവാനും, ഒരേസമയം ഒന്നിലധികം രൂപതകൾ ഭരിക്കുന്നതിനുള്ള അനുവാദം ലഭിക്കുവാനും വേണ്ടി ആൽബർട്ട് റോമിനെ സമീപിച്ചു. ചക്രവർത്തിയെ തെരഞ്ഞെടുക്കുന്നതിന് ഏഴിൽ രണ്ടു് വോട്ട് ആൽബർട്ടിന്റെ സഹോദരനായ ജൊവാക്കിമിനുണ്ടായിരുന്നു. വി. പത്രോസിന്റെ ബസ്സിലിക്കായുടെ പണിക്കുവേണ്ടി കുറേ പണം സമ്പാദിക്കാമെന്നും ലെയോ പത്താമൻ മാർപ്പാപ്പാ (1513-1521) മനസ്സിലാക്കി. 10,000 സ്വർണ്ണനാണയങ്ങൾ (ducats) പ്രതിഫലം വാങ്ങിക്കൊണ്ടു് റോമൻകൂരിയ ആൽബർട്ടിന്റെ നിവേദനങ്ങളെല്ലാം സാധിച്ചുകൊടുത്തു. മൈൻസ് അതിരൂപതയുടെ പാലിയം—നികുതിയിനത്തിൽ കടിശ്ശിഖ വരുത്തിയിരുന്ന 14,000 നാണയങ്ങളും കൊടുത്തുവീട്ടുവാൻ ആൽബർട്ട് നിർബന്ധിതനായി. ഇതിനൊക്കെപ്പുറമേ റോമൻകൂരിയായും ആൽബർട്ടും കൂടി വേറൊരു ഉടമ്പടിയിലെത്തി. സെൻറ് പീറ്റേഴ്സ് ബസ്സിലിക്കായുടെ പണി ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള പണം സമ്പാദിക്കുന്നതിനുവേണ്ടി 1510-ൽ ജൂലിയസ് രണ്ടാമൻ പാപ്പാ (1503-1513) ഒരു ദണ്ഡവിമോചനം ഏർപ്പെടുത്തിയിരുന്നു. ആൽബർട്ടിന്റെ അധീനതയിലുള്ള രൂപതകളിൽ ഈ ദണ്ഡവിമോചനം പ്രസംഗിക്കുവാനും അങ്ങനെ കിട്ടുന്ന തുകയിൽ പകുതിയെടുത്തിട്ട് ബാക്കി പകുതി റോമൻകൂരിയായിലടയ്ക്കുവാനുമായിരുന്നു ഉടമ്പടി.'' [തിരുസ്സഭാചരിത്രം: ഫാ. കൂടപ്പുഴ, പേജ്-581]

ഇങ്ങനെ ഒരു വലിയ കച്ചവട ഒത്തുതീർപ്പിലാണു് റോമും മൈൻസിലെ മെത്രാനും ദണ്ഡവിമോചന ചീട്ടുകച്ചവടം ആരംഭിച്ചതു്.

കച്ചവടം ആദായകരമായി നടക്കണമെങ്കിൽ, നല്ല കച്ചവടക്കാരനെ ആവശ്യമാണല്ലോ? അങ്ങനെയാണു് ഒരു ഡൊമിനിക്കൻ സന്യാസിയായ ജോൺ ടെററ്സൽ എന്ന വിദഗ്ദ്ധനെ കണ്ടുപിടിച്ചതു്. വിൽപന വൻതോതിലാക്കുന്നതിനും അന്ധവിശ്വാസികളായ ജനങ്ങളെ ആകർഷിക്കുന്നതിനും വേണ്ടി വിദഗ്ദ്ധമായ രീതിയിലായിരുന്നു കച്ചവടം ആസൂത്രണം ചെയ്തതു്. ടെററ്സൽ ഒരു പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുൻപുതന്നെ, വിൽപനയുടെ സബ് ഏജൻറുമാർ പട്ടണത്തിലെ ജനങ്ങളുടെ വികാരത്തെ ഇളക്കിക്കഴിഞ്ഞിരിക്കും. ''ദൈവത്തിന്റെയും പരിശുദ്ധ പിതാവിന്റെയും അനുഗ്രഹം ഇതാ നിങ്ങളുടെ



പടിക്കലെത്തിയിരിക്കുന്നു'' എന്നു വിളിച്ചുപറയും. വൻപിച്ച വില്പനമേളയ്ക്കൊരുക്കമായി പട്ടണം മുഴുവൻ അലങ്കരിക്കും. ടെററ്സലിന്റെ പ്രവേശനത്തോടെ പള്ളിമണികൾ മുഴങ്ങാൻ തുടങ്ങും. ടെററ്സലാകട്ടെ ചുമന്ന ഒരു കുരിശും പിടിച്ചു് കുതിരവണ്ടിയിലിരിക്കും. വെൽവെററ് കുഷ്യനിൽ, മാർപ്പാപ്പായുടെ ബൂളായും പ്രതിഷ്ഠിച്ചിരിക്കും. പള്ളികളായിരുന്നു ദണ്ഡവിമോചനചീട്ടിന്റെ വിൽപനസ്ഥലം. വൻപിച്ച ആരാവാരത്തോടെ പള്ളിയിൽ പ്രവേശിക്കുന്ന ടെററ്സൽ പ്രസംഗപീഠത്തിൽ കയറി വിമോചന ചീട്ടിന്റെ പ്രയോഗക്ഷമതയെക്കുറിച്ചു് വികാരപരമായി പ്രസംഗിക്കും. (ഇന്നത്തെ ലോട്ടറിവില്പനക്കാരന്റെ വിൽപനചാതുര്യം ഓർക്കുക!)

ടെററ്സലിന്റെ പ്രസംഗം ഇവിടെ ഉദ്ധരിക്കട്ടെ! ''ദണ്ഡവിമോചന ചീട്ട് ദൈവത്തിന്റെ ഏററവും വില തീരാത്ത മഹത്തായ അനുഗ്രഹമാണ്. വരുക, നിങ്ങൾ ചെയ്യാൻ പോകുന്ന പാപങ്ങൾക്കുവരെ പരിഹാരമായ ദണ്ഡവിമോചനചീട്ടുകൾ വാങ്ങുക. പത്രോസപ്പോസ്തലൻ തന്റെ പ്രസംഗത്താൽ രക്ഷിച്ചതിൽ കൂടുതൽ ആത്മാക്കളെ ഞാൻ ഈ ദണ്ഡവിമോചനചീട്ടുകൊണ്ടു് രക്ഷിച്ചിട്ടുണ്ടു്. ദണ്ഡവിമോചനചീട്ടുകൊണ്ടു് പരിഹരിക്കാനാകാത്ത ഒരു പാപവുമില്ല. ജീവിച്ചിരിക്കുന്നവരുടെ പാപത്തിനു മാത്രമല്ല മരിച്ചുപോയവരുടെ പാപത്തിനും ഈ ചീട്ടുകൾ പരിഹാരമാണ്. പുരോഹിതരേ, മാന്യരേ, കച്ചവടക്കാരേ, ഭാര്യമാരേ, യുവാക്കളേ, യുവതികളേ, 'ഞങ്ങൾ ഇതാ പീഡിപ്പിക്കപ്പെടുന്നു' എന്നു് മരിച്ചവരായ നിങ്ങളുടെ പിതാക്കന്മാരും സുഹൃത്തുക്കളും നിലവിളിക്കുന്നതു നിങ്ങൾ കേൾക്കുന്നില്ലേ? 'ചെറിയ ഒരു ധർമ്മം ഞങ്ങളെ ഇതിൽനിന്നും രക്ഷിക്കും! നിങ്ങൾക്കതു നൽകാം. പക്ഷേ നിങ്ങളതു നൽകുന്നില്ല.' വിഡ്ഢികളും കഠിനഹൃദയരുമായ മനുഷ്യരേ, ഉദാരമായി നിങ്ങൾക്കു നല്കുന്ന ഈ ദൈവാനുഗ്രഹത്തെക്കുറിച്ചു നിങ്ങൾ അറിയുന്നില്ലേ? നിങ്ങളുടെ പണം ഭണ്ഡാരപ്പെട്ടിയുടെ അടിത്തട്ടിൽ വീഴുമ്പോൾ, ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തുനിന്നും രക്ഷപ്പെട്ട് സ്വർഗ്ഗത്തിലേക്കു് പറന്നുയരും. ദൈവമായ കർത്താവ് അല്ല ഇന്നു നമ്മെ ഭരിക്കുന്നതു്. എല്ലാ അധികാരങ്ങളും അവിടുന്നു മാർപ്പാപ്പായ്ക്കു് നൽകിക്കഴിഞ്ഞിരിക്കുന്നു.''

അന്ധവിശ്വാസത്തെ ചൂഷണം ചെയ്തു പണം നേടുന്നതിനുവേണ്ടി റോമും മെത്രാനും തമ്മിൽ രഹസ്യമായി ഉണ്ടാക്കിയ പങ്കുകച്ചവടമായ ദണ്ഡവിമോചന ചീട്ടുവിൽപ്പനയെ എതിർക്കാതിരിക്കാൻ ലൂഥറിന്റെ മനസ്സാക്ഷിയും ക്രൈസ്തവികതയും ലൂഥറിനെ അനുവദിച്ചില്ല. 1517 ഒക്ടോബർ 31-ാം തീയതി ലൂഥർ മൈൻസിലെ മെത്രാന് ടെററ്സലിന്റെ ഈ കച്ചവടത്തിലെ അക്രൈസ്തവികതയെക്കുറിച്ചു് എഴുതി. പക്ഷെ മെത്രാനുണ്ടോ ഇളകുക. 25 വയസ്സുമാത്രമുള്ള മെത്രാന് ദൈവകാര്യത്തെക്കാൾ പണമായിരുന്നു പ്രധാനം. 40 വയസ്സുള്ള ലിയോ മാർപ്പാപ്പായ്ക്കും വേണ്ടിയിരുന്നതു് പണമായിരുന്നു. ക്രിസ്തുധർമ്മവും ക്രിസ്തുവിന്റെ പഠനങ്ങളും എല്ലാം പണത്തിനും സുഖജീവിതത്തിനും അധികാരത്തിനും വേണ്ടിയുള്ള ഒരു ഉപാധിമാത്രം!! കൈക്കൂലി കൊടുത്തു് മെത്രാനായ മൈൻസിലെ മെത്രാനും, 8-ാം വയസ്സിൽ പുരോഹിതനും 13-ാം വയസ്സിൽ പണവും സ്വാധീനവും ഉപയോഗിച്ചു കർദ്ദിനാളും 37-ാം വയസ്സിൽ തന്ത്രവും

പണവും ഉപയോഗിച്ച് മാർപ്പാപ്പായും ആയ ലിയോ പത്താമനും ഉണ്ടോ, ധാർമ്മികതയുടെ സ്വരം കേൾക്കുക. അവർക്കു വേണ്ടതു പണമായിരുന്നു!!!

മൈൻസിലെ മെത്രാന് എഴുതിയ അതേ ദിവസംതന്നെ ലൂഥർ തന്റെ പ്രഖ്യാതമായ 95 പ്രമാണങ്ങൾ വിററൻബർഗ്ഗിലെ കൊട്ടാരകപ്പേളയുടെ ചുവരിൽ പതിച്ചു. ഈ പ്രമേയങ്ങളെന്തെന്ന് ഫാ. കൂടപ്പുഴ എഴുതുന്നു:

''ആദ്യത്തെ നാലു പ്രമേയങ്ങൾ അനുതാപത്തിന്റെ ആന്തരാർത്ഥം വിശദീകരിക്കുന്നവയാണ്. 8 കാനോനിക ശിക്ഷകൾക്കു മോചനം നല്കാൻ മാത്രമേ പാപ്പായ്ക്കധികാരമുള്ളുവെന്നും ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷകൾക്കു മോചനം നല്കുവാനധികാരം ഇല്ലെന്നും സ്ഥാപിക്കുകയാണ് അഞ്ചുമുതൽ ഏഴുവരെയുള്ള പ്രമേയങ്ങൾ. എട്ടുമുതൽ ഇരുപത്തൊമ്പതുവരെയുള്ള പ്രമേയങ്ങൾ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ പ്രാർത്ഥനകൊണ്ടുമാത്രമേ സഹായിക്കാനാവൂ എന്നു സമർത്ഥിക്കുന്നു. മരണത്തോടെ എല്ലാ 'ശിക്ഷകളും തുടച്ചുമാററപ്പെടുമെന്ന സ്വന്തസിദ്ധാന്തത്തിന്റെ വിശദീകരണമാണ് മുപ്പതുമുതൽ നാല്പതുവരെയുള്ള പ്രമേയങ്ങളിലെ പ്രതിപാദ്യം. പണംകൊടുത്ത് ദണ്ഡവിമോചനചീട്ടു വാങ്ങുക തുടങ്ങിയവ ക്രിസ്തീയജീവിതത്തിന്റെ പ്രധാനഭാഗമായിരിക്കരുതെന്നു വാദിക്കുകയാണ് നാല്പത്തൊന്നുമുതൽ അമ്പത്തിരണ്ടുവരെയുള്ള പ്രമേയങ്ങളിൽ. അമ്പത്തി മൂന്നുമുതൽ എൺപതുവരെയുള്ള പ്രമേയങ്ങൾ സുവിശേഷങ്ങളുടെ മാഹാത്മ്യമെന്തെന്നു കാണിക്കുന്നു. എൺപത്തൊന്നുമുതൽ തൊണ്ണൂറുവരെയുള്ള പ്രമേയങ്ങൾ വ്യത്യസ്ത പ്രശ്നങ്ങളാണ് ചർച്ച ചെയ്യുക. അവസാനത്തെ അഞ്ചെണ്ണം ക്രിസ്തുവിലുള്ള യഥാർത്ഥവിശ്വാസവും, ദണ്ഡവിമോചനം പ്രസംഗിക്കുന്ന മതവും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നു. എന്നാൽ ഈ തൊണ്ണൂററഞ്ചു പ്രമേയങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് ആറാമത്തേതായിരുന്നു: പോപ്പിനു് ഒരു തെററും ക്ഷമിക്കുവാൻ സാദ്ധ്യമല്ല; ദൈവം ക്ഷമിച്ചതിനെപ്പററി പ്രഖ്യാപനം നടത്തുവാനും അതിനു സമ്മതം നൽകുവാനും മാത്രമേ കഴിയൂ'' (തിരുസ്സഭാചരിത്രം: ഫാ. കൂടപ്പുഴ, പേജ്–520).

സഭാധികാരത്തിന്റെ തോന്നിയവാസങ്ങൾക്കെതിരെ ചെറുവിരലനക്കാൻ അന്ന് ജനങ്ങൾ ഭയപ്പെട്ടിരുന്നു. അതിനാരെങ്കിലും മുതിർന്നാൽ അവരെ തകർക്കാൻ രാഷ്ട്രവും മതവും എല്ലാ ഭീകര ശിക്ഷാക്രമങ്ങളും ഉപയോഗിച്ചുപോന്നു. ലൂഥർ തന്റെ പ്രമാണങ്ങൾ വിററൻബർഗ്ഗ് കൊട്ടാര ചാപ്പലിൽ പതിപ്പിക്കുന്നതിനു് കേവലം 20 കൊല്ലങ്ങൾക്കു മുമ്പു മാത്രമാണ് സഭാധികാരത്തിന്റെ കത്തഴിഞ്ഞ ജീവിതത്തെ ധീരമായി വിമർശിച്ച ഫ്ളോറൻസിലെ ഡൊമിനിക്കൻ സന്യാസി സാവനറോളയേയും മററു രണ്ടുപേരേയും റോമിന്റെ കല്പനപ്രകാരം തൂക്കിക്കൊന്ന് കത്തിച്ചുകളഞ്ഞതു്. യൂറോപ്പു മുഴുവൻ അക്കാലത്ത് ഭീതിയുടെ നിഴലിലായിരുന്നു.

എങ്കിലും ദൈവത്തിൽമാത്രം ആശ്രയം അർപ്പിച്ചുകൊണ്ടായിരുന്നു ലൂഥർ ദണ്ഡവിമോചനചീട്ടു കച്ചവടത്തിനെതിരെ ആഞ്ഞടിച്ചതു്. ലൂഥർ, മെത്രാന് എഴുതി: ''ക്രിസ്തുവിനു് എന്നെ ആവശ്യമില്ലെന്നെനിക്കറിയാം. എന്നെക്കൂടാതെ



തന്നെ, തന്റെ സഭയ്ക്ക് ഗുണപ്രദമായതെന്തെന്ന് അവിടുന്ന് അവർക്ക് കാണിച്ചുകൊടുക്കും. സഭയുടെ യഥാർത്ഥ പഠനങ്ങളെന്തെന്ന് വ്യക്തമാക്കുന്നതുപോലെ വിഷമംപിടിച്ച ഒരു ജോലിയില്ല; പ്രതേകിച്ച് ഒരുവൻ എന്നെപ്പോലെ പാപിയായിരിക്കുമ്പോൾ'' (തിരുസ്സഭാചരിത്രം: പേജ്–520). അഴിമതിയിൽ അടിമുടി മുടിയിരുന്ന സഭയ്ക്കെതിരെയുള്ള ലൂഥറിന്റെ നീക്കം ചിന്തിക്കുന്നവരെയും ക്രിസ്തുവിൽ വിശ്വസിക്കുന്നവരെയും ആഹ്ലാദിപ്പിച്ചു. ലൂഥർ പറഞ്ഞു: ''താൻ ചെയ്യുന്ന പ്രവൃത്തികൾ മനുഷ്യന്റെ ബുദ്ധികൊണ്ട് നിർവ്വഹിക്കപ്പെടേണ്ടതല്ല; ദൈവത്തിന്റെ ഉപദേശത്തിൽ നടത്തപ്പെടേണ്ടതാണ്. ഇതു ദൈവത്തിന്റെ ജോലിയാണെങ്കിൽ ആർക്ക് അതു തടയാൻ കഴിയും ? ദൈവത്തിന്റെതല്ലെങ്കിൽ, ആർക്ക് അതു മുന്നോട്ടു കൊണ്ടുപോകാൻ കഴിയും? എന്റെ ഇഷ്ടമല്ല, നമ്മുടെ ഇഷ്ടമല്ല, സ്വർഗ്ഗസ്ഥനായ പിതാവേ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ!''

റോം ശക്തമായ തിരിച്ചടിക്കു തയ്യാറായി. റോമിനെ എതിർത്തവരാരും ഇല്ലം കണ്ടു മരിച്ചിട്ടില്ല, ലൂഥറെന്ന അഗസ്റ്റിനീയൻ സന്യാസി ശക്തിപ്രതാപങ്ങളുടെ കേന്ദ്രമായ റോമിന്റെ മുമ്പിൽ എത്രയോ നിസ്സാരൻ!

ഇതിനിടെ, സന്യാസസഭകൾ തമ്മിലുള്ള പരസ്പരമാത്സര്യവും ലൂഥറൻ പ്രശ്നത്തിനു് മറെറാരു വശം സൃഷ്ടിച്ചു. ടെററ്സൽ ഒരു ഡൊമിനിക്കനായിരുന്നു. ലൂഥർ ടെററ്സൽ എന്ന വ്യക്തിയെ അല്ല എതിർത്തതു്; എങ്കിലും അതു് ഡൊമിനിക്കൻ സന്യാസസമൂഹത്തിന്റെ ഒരഭിമാനപ്രശ്നം കൂടിയായിത്തീർന്നു. അഗസ്റ്റിനീയൻ സന്യാസിയുടെ വെല്ലുവിളിയെ നേരിടാൻ ഡൊമിനിക്കൻ സന്യാസസഭ ഒററക്കെട്ടായി നീങ്ങി. ഇതിന്റെ പിന്നിൽ റോം തന്ത്രപൂർവ്വം ചരടു വലിച്ചു. ലൂഥറിനെ വശത്താക്കാനുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ, 60 ദിവസത്തിനകം റോമിൽ എത്തി സമാധാനം ബോധിപ്പിക്കുവാൻ ലൂഥറോട് റോമാ ആവശ്യപ്പെട്ടു.

തന്നിലൂടെ വിററൻബർഗ്ഗ് കലാശാലയെതന്നെയാണ് അപമാനിച്ചിരിക്കുന്നതെന്നും അതിനാൽ അതിന്റെ മാനം രക്ഷിക്കാൻ അവർക്കു കടമയുണ്ടെന്നും കാണിച്ചുകൊണ്ട് ലൂഥർ സാക്സണിലെ ഫെഡറിക്കിനും ചക്രവർത്തിയായ മാക്സ്മില്ലനും എഴുതി. എന്നാൽ തന്റെ പൗത്രനായ ചാൾസിനെ റോമിലെ രാജാവായി തെരഞ്ഞെടുക്കുന്നതിൽ പോപ്പിന്റെ ആനുകൂല്യം പ്രതീക്ഷിച്ചിരുന്ന ചക്രവർത്തി ഇക്കാര്യത്തിൽ ഇടപെടാൻ മടിച്ചു. ലൂഥറിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി അദ്ദേഹം പോപ്പിനെഴുതി. എന്നാൽ ഫെഡറിക്ക്, ലൂഥറിനെ സംരക്ഷിക്കാൻ ഉറച്ചു. മാർപ്പാപ്പായുടെ കല്പന അനുസരിക്കാൻ ലൂഥർ തയ്യാറായില്ല. [റോമിൽ പോയിരുന്നു എങ്കിൽ സാവനറോളയുടെയും ഹെസ്സിന്റെയും അനുഭവം ലൂഥറിനും ഉണ്ടാകുമായിരുന്നു.]

ജർമ്മനിയിൽവച്ചുതന്നെ, തന്നെ വിസ്തരിക്കണമെന്ന് ലൂഥർ ആവശ്യപ്പെട്ടു.

ആഗ്സ്ബർഗിൽവച്ച് ലൂഥറെ വിസ്തരിക്കാൻ ഡൊമിനിക്കൻ സന്യാസിയായ കാർഡിനൽ കായെത്താൻ(Cajetan) നിയമിതനായി. (ദണ്ഡവിമോചന

ചീട്ടവില്പന പ്രമുഖൻ ടെററ്സലും ഒരു ഡൊമിനിക്കൻ സന്യാസിയാണെന്ന്
ഓർക്കുക. മാത്രമല്ല, ലൂഥറിന്റെ രക്തത്തിനുവേണ്ടി ആദ്യം രംഗത്തിറങ്ങിയത്
ഡൊമിനിക്കൻ സന്യാസിമാരായിരുന്നു.) മാർപ്പാപ്പായിൽനിന്നും വമ്പിച്ച അ
ധികാരങ്ങളുമായാണ് കായെത്താൻ ജർമ്മനിയിലെത്തിയത്. ''ലൂഥറെ ഉടനെ
വിചാരണ ചെയ്യാനും, അനുസരിപ്പിക്കാനും, എന്നാൽ ലൂഥർ തന്റെ നിലപാ
ടിൽ ഉറച്ചുനിൽക്കുകയും ലൂഥറെ ശാരീരികമായി പിടികൂടാൻ കഴിയാതെ വരു
കയും ചെയ്താൽ വധിക്കപ്പെടേണ്ടവരുടെ ലിസ്റ്റിൽ പെടുത്താനും (proscribe),
ലൂഥറെ സഹായിക്കുന്നവരെ ശപിച്ച് സഭയിൽനിന്നും പുറംതള്ളാനും, ലൂഥറെ
പിടിക്കാൻ സഹായിക്കാത്തവരെ ചക്രവർത്തിയൊഴിച്ച് ഏതു സ്ഥാനത്തിരി
ക്കുന്നവരാണെങ്കിലും അവരെ എല്ലാം സഭാഭ്രഷ്ടരാക്കാനും'' ഉള്ള അധികാരവും
മുഷ്ക്കരത്വവും കായെത്താനുണ്ടായിരുന്നു.

ആഗ്സ്ബർഗിലേക്കു യാത്ര ചെയ്താൽ റോമിന്റെ ഏജന്റുമാർ
വഴിക്കുവച്ചുതന്നെ ലൂഥറെ വധിക്കുമെന്ന് സഭാധികാരത്തിന്റെ പൂർവ്വകാല
ചരിത്രമറിയാവുന്ന ലൂഥറുടെ സ്നേഹിതന്മാർ ഭയപ്പെട്ടു. എങ്കിലും തന്റെ നില
പാട് വിശദീകരിക്കാൻ ലൂഥർ കാൽനടയായി പുറപ്പെട്ടു. തന്റെ ജീവരക്ഷ
യെക്കുറിച്ച് ഭയപ്പെട്ടവരോട് ലൂഥർ പറഞ്ഞു: ''ഞാൻ ജറമിയായെപ്പോലെ
വിവാദവും വിഭജനവും സൃഷ്ടിക്കുന്നവനാണ്. അവരുടെ ഭീഷണിപ്പെടുത്തൽ
വർദ്ധിക്കുന്നതോടൊപ്പം എന്റെ ആനന്ദവും വർദ്ധിക്കുന്നു.അവർ എന്റെ മാന്യ
തയും സൽപ്പേരും ഇപ്പോൾ തന്നെ തകർത്തിരിക്കുന്നു.എന്റെ ഈ ശരീരം മാത്ര
മാണു ബാക്കിയുള്ളത്. അവർ അതുകൂടി എടുത്തുകൊള്ളട്ടെ. ഒരുപക്ഷേ എന്റെ
ജീവിതകാല ദൈർഘ്യത്തിലെ കുറേ മണിക്കൂറുകൾ ചുരുക്കാൻ അവർക്കു കഴി
ഞ്ഞേക്കാം.പക്ഷേ എന്റെ ആത്മാവിനെ തീർച്ചയായും അവർക്കു കിട്ടുകയില്ല.
ക്രിസ്തുവിന്റെ വചനവാഹകരാകാൻ തീർച്ചപ്പെടുത്തിയവർക്ക് മരണം അനുനി
മിഷം പ്രതീക്ഷിക്കാം.''

ആഗ്സ്ബർഗിൽവച്ച് ലൂഥറെ തന്റെ നിലപാടിൽനിന്നും വ്യതി
ചലിപ്പിക്കാൻ കർദ്ദിനാൾ വിവിധ തന്ത്രങ്ങൾ ഉപയോഗിച്ചു, സ്നേഹപൂർവ്വം
ഉപദേശിച്ചു; പിടിച്ചു റോമിൽക്കൊണ്ടുപോയി ശിക്ഷിക്കുമെന്നും ഭീഷണിപ്പെ
ടുത്തി. പക്ഷെ ലൂഥർ ഇളകിയില്ല. വിമോചന ചീട്ടിനെപ്പററിയുള്ള 6-ാം ക്ളെ
മെന്റ് മാർപ്പാപ്പായുടെ പ്രഖ്യാപനം സുവിശേഷവിരുദ്ധമാണെന്നും അത് സഭ
യുടെ സിനഡിനു വിടേണ്ടതാണെന്നും ലൂഥർ വാദിച്ചു. തന്റെ വാദമുഖങ്ങളെ
ക്രോഡീകരിച്ചുകൊണ്ട് ലൂഥർ സുവ്യക്തമായ ഒരു രേഖ കർദ്ദിനാളിനു നൽകി.
എന്നാൽ ആ രേഖയിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ ചർച്ചചെ
യ്യാൻ കർദ്ദിനാൾ തയ്യാറായില്ല. അദ്ദേഹത്തിന് ലൂഥറോട് ഒന്നേ പറയാനുണ്ടാ
യിരുന്നുള്ളു: ''recant, recant'' (പറഞ്ഞതിൽനിന്നും പിൻവാങ്ങുക). തന്റെ
ജീവൻവരെ അപകടത്തിലാണെന്നറിഞ്ഞിട്ടും സുവിശേഷാധിഷ്ഠിതമായ തന്റെ
വിശ്വാസത്തോട് മൊഴിചൊല്ലിപ്പിരിയാൻ ലൂഥർ സന്നദ്ധനായില്ല.

ലൂഥറെ വധിക്കുന്നതിനുള്ള ഗൂഢാലോചന ഇരുളിന്റെ മറവിൽ നടക്കു
മ്പോൾ ലൂഥർ ആഗ്സ്ബർഗിൽനിന്നും വിററൻബർഗ്ഗിലേക്കു ആരും അറി
യാതെ യാത്ര തിരിച്ചു.



ആഗ്സ്ബർഗിൽനിന്നും ലൂഥർ രക്ഷപ്പെട്ടതു് കായെത്താൻ കർദ്ദിനാ
ളിനെ അളവററു് ക്ഷോഭിപ്പിച്ചു. റോമിന്റെ ഭീഷണിക്കു മുമ്പിൽ കൂസാതെ
നിന്ന ലൂഥറെ ഒരു പാഠം പഠിപ്പിക്കാൻ റോം തീരുമാനിച്ചു.ആഗ്സ്ബർഗിൽ
ലൂഥറെടുത്ത നിലപാട് ജനഹൃദയങ്ങളിൽ ലൂഥറിനെക്കുറിച്ചുള്ള മതിപ്പു വർദ്ധി
പ്പിക്കാൻ ഇടനൽകി. അധികാരദണ്ഡുമായിമാത്രം നിന്ന കായെത്താൻ കർദ്ദി
നാളിനെ സുവിശേഷസത്യങ്ങളുമായി അഭിമുഖീകരിച്ച ലൂഥർ ചിന്തിക്കുന്നവ
രുടെ പിൻതുണയും സഹാനുഭൂതിയുംനേടി. ലൂഥറിന്റെ ലഘുലേഖകൾ ജർമ്മ
നിയിലെമ്പാടും പ്രചരിച്ചു. മാത്രമല്ല അയൽരാജ്യങ്ങളിലും അതിന്റെ സ്വാ
ധീനം അനുഭവപ്പെട്ടു. സഭയിൽ ഉടനീളം പുത്തുനിന്ന ഭൗതികതയുടെ ദുർഗ്ഗന്ധ
മേററു മനംമടുത്തു നിസ്സഹായരായി കഴിഞ്ഞിരുന്ന ജർമ്മൻ ജനത, ലൂഥർ ഊതി
ഉണർത്തിയ സുവിശേഷഗന്ധിയായ മന്ദാനിലൻ ഏററു് ഉൽബുദ്ധരായിത്തീർന്നു.
ലൂഥറിന് ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവന്ന സ്വാധീനം റോമിനെ കൂടുതൽ
ക്ഷോഭിപ്പിച്ചു.

ജർമ്മനിയിൽവച്ചു ലൂഥറെ പിടിക്കാനും ബന്ധിച്ചു റോമിൽ കൊണ്ടു
പോയി സാവനറോളയെയും ഹെസ്സിനെയും എന്നപോലെ കത്തിച്ചുവധിക്കാ
നും കഴിയാത്തതിൽ കായെത്താൻ കർദ്ദിനാൾ കോപാകുലനായി. ലൂഥറെ
പിടിച്ച് ഉടനടി റോമിലേക്കു അയയ്ക്കണമെന്നും അതിനു കഴിയാത്തപക്ഷം
സാക്സൺരാജ്യത്തുനിന്നും അദ്ദേഹത്തെ നാടുകടത്തണമെന്നും അദ്ദേഹം സാക്സൺ
പ്രഭുവായ ഫെഡറിക്കിന് എഴുതി. തന്റെ തെററുകൾ ഏവയെന്നു സുവിശേഷ
ത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാനും അങ്ങനെ തെളിയിക്കുന്ന പക്ഷം
തന്റെ നിലപാടിൽനിന്നും പിൻതിരിയാൻ തയ്യാറാണെന്നുമായിരുന്നു ലൂഥ
റിന്റെ നിലപാട്. ഫെഡറിക്ക്പ്രഭുവിന് ദൈവശാസ്ത്രത്തിൽ പാണ്ഡിത്യ
മൊന്നുമുണ്ടായിരുന്നില്ലെങ്കിലും ലൂഥറിന്റെ ഭയരഹിതമായ നിലപാടും വിശ്വാ
സവും അദ്ദേഹത്തിൽ മതിപ്പുളവാക്കിയിരുന്നു. കായെത്താൻ കർദ്ദിനാളിന്
ഫെഡറിക്ക്പ്രഭു എഴുതി: ''ഡോക്ടർ മാർട്ടിൻ അങ്ങയുടെ മുമ്പിൽ ആഗ്സ്
ബർഗിൽ ഹാജരായതുകൊണ്ടു് അങ്ങു തൃപ്തിപ്പെടണം. അദ്ദേഹത്തിന്റെ തെ
ററുകൾ എന്തെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താതെ അദ്ദേഹത്തിന്റെ നില
പാടിൽനിന്നും പിൻതിരിയണമെന്ന് അങ്ങു പറയുമെന്നു ഞങ്ങൾ പ്രതീക്ഷി
ച്ചില്ല. എന്റെ രാജ്യത്തെ പണ്ഡിതരായ ആരുംതന്നെ മാർട്ടിന്റെ പഠനങ്ങൾ
ഭക്തിമാർഗ്ഗത്തിനു വിരുദ്ധമോ ക്രിസ്തുവിനെതിരോ പാഷണ്ഡത നിറഞ്ഞ
തോ ആണെന്ന് എന്നെ അറിയിച്ചിട്ടില്ല. അതുകൊണ്ടു്, അദ്ദേഹത്തെ റോമി
ലേക്കയയ്ക്കണമെന്നോ രാജ്യത്തിൽനിന്നുംനാടുകടത്തണമെന്നോ ഉള്ള അങ്ങയുടെ
ആവശ്യം നടപ്പിലാക്കാൻ കഴിയില്ലെന്നറിയിക്കട്ടെ!''

റോമിന്റെ ഭീഷണി ഒന്നിനുപുറകെ ഒന്നായി പ്രവഹിച്ചിട്ടും ലൂഥർ
ചഞ്ചലചിത്തനായില്ല. അദ്ദേഹം ചക്രവർത്തിക്കും പ്രഭുക്കന്മാർക്കുമായി എഴു
തിയ ഒരു കത്തിൽ മാർപ്പാപ്പായെപ്പററി ഇങ്ങനെ പറഞ്ഞു: ''ക്രിസ്തുവി
ന്റെ വികാരിയെന്നു സ്വയം വിളിക്കുന്ന ആൾ ഏതു ചക്രവർത്തിയെക്കാളും
പ്രതാപത്തിൽ ജീവിക്കുന്നതു് പൈശാചികമാണ്.ഇങ്ങനെയാണോ ദരിദ്രനായ
യേശുവിനെയും പാവപ്പെട്ട പത്രോസിനെയും പ്രതിനിധീകരിക്കേണ്ടതു്? അവർ

പറയുന്ന പോപ്പ് ലോകാധിരാജനാണെന്ന്! എന്നാൽ ആരുടെ വികാരിയാണോ അദ്ദേഹം? ആ ക്രിസ്തു പറയുന്നു: 'എൻെറ രാജ്യം ഐഹികമല്ല. ഉന്നതനായ അവന് ഇല്ലാതിരുന്ന രാജ്യം എങ്ങനെ അവൻെറ വികാരിക്കുണ്ടാകും.''' ലൂഥർ യൂണിവേഴ്സിററികൾക്കെഴുതി: ''വിശുദ്ധവചനം പഠിപ്പിക്കുകയും അവയെ യുവജനങ്ങളുടെ ഹൃദയത്തിൽ ആഴമായി പതിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ യൂണിവേഴ്സിററികൾ നരകത്തിലേക്കുള്ള വാതിലുകളായി തീരും. തിരുവചനം ജീവിതമൂല്യമാക്കാത്ത സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കരുതെന്നു ഞാൻ ഉപദേശിക്കുന്നു. ദൈവവചനം ശ്രദ്ധാപൂർവ്വം പഠിപ്പിക്കാത്ത സ്ഥാപനങ്ങൾ അധ:പതിക്കുമെന്നതിനു സംശയം വേണ്ടാ.''

ലൂഥറിൻെറ കത്തുകൾ ജർമ്മനിയിലാകെ പ്രചരിച്ചപ്പോൾ ജനങ്ങൾ ആ സന്ദേശത്തിനുവേണ്ടി കാതോർത്തു.

ലൂഥറുടെ എതിരാളികൾ പ്രതികാരത്തിനായി ദാഹിച്ചു. അറുപതു ദിവസത്തിനകം ലൂഥറും അനുയായികളും തങ്ങളുടെ നിലപാടുകളിൽനിന്നും പിൻതിരിയാത്തപക്ഷം അവരെ മഹറോൻചൊല്ലി സഭയ്ക്കു പുറത്താക്കുമെന്ന് റോമാ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം ലൂഥറിനെയോ സഹപ്രവർത്തകരെയോ ഭയപ്പെടുത്താൻ പോരുന്നവയായിരുന്നില്ല.

അറുപതു നിർണ്ണായക ദിവസത്തിനുശേഷം റോമാ, ലൂഥറെ സഭാഭ്രഷ്ടനാക്കി. ലൂഥറാകട്ടെ കൂടുതൽ ശക്തമായി തിരിച്ചടിച്ചു. തൻെറ ഗ്രന്ഥങ്ങളെ ചുടുന്നതിനു കല്പിച്ചു, റോമാ അയച്ചുകൊടുത്ത, ഭ്രഷ്ടാക്കൽ ബൂളാ ലൂഥർ പരസ്യമായി കത്തിച്ചു. ലൂഥർ പ്രഖ്യാപിച്ചു: ''എൻെറ ഗ്രന്ഥങ്ങൾ കത്തിച്ചുകൊണ്ട് എൻെറ എതിരാളികൾ പല ഹൃദയങ്ങളിലെയും സത്യബോധത്തെ വ്രണപ്പെടുത്തി; ആത്മാക്കളെ നഷ്ടപ്പെടുത്തി. അക്കാരണത്താൽ ഞാൻ അവരുടെ ഗ്രന്ഥങ്ങളെയും കത്തിക്കുന്നു. ഒരു വൻപിച്ച സമരം ഇതാ ആരംഭിക്കാൻ പോകുന്നു. ഇതുവരേയും ഞാൻ പോപ്പുമായി കൂടിക്കളിക്കയായിരുന്നു. ഇനി ഞാൻ തുറന്ന യുദ്ധത്തിനു തയ്യാറായിരിക്കുന്നു. ദൈവനാമത്തിലാണ് ഞാനിതു് ആരംഭിച്ചതു്. ഞാനില്ലാതെ തന്നെ ഈ യുദ്ധം അവസാനിക്കും, അവൻെറ ശക്തിയിൽ.''

ലൂഥർ ഏകനായിരുന്നു. ഭയപ്പെടുത്താൻ തുനിഞ്ഞ പ്രതിയോഗികളോട് ലൂഥർ വെട്ടിത്തുറന്നു പറഞ്ഞു: ''അവർ പറയുന്നു ഞാൻ ഏകനാണെന്ന്. അല്ല; ദൈവം എൻെറ കൂടെയുണ്ട്. അവർ പറയുന്നതനുസരിച്ച് ഈജിപ്തിൽനിന്നും പുറപ്പെട്ടപ്പോൾ മോശെ ഏകനായിരുന്നു; അഹാബിൻെറ ഭരണകാലത്ത് ഏലിയാ ഏകനായിരുന്നു; ജെറൂശലേമിൽ ഇസയാ ഏകനായിരുന്നു; ബാബിലോണിൽ എസക്കിയേൽ ഏകനായിരുന്നു. റോമായേ, നീ കേൾക്കുക: ദൈവം ഒരിക്കലും ഒരു മഹാപുരോഹിതനെയോ പ്രമാണിയെയോ പ്രവാചകനായി തെരഞ്ഞെടുത്തിട്ടില്ല. എപ്പോഴും എളിയവരേയും പാവങ്ങളേയുമാണ് അവിടുന്ന് തെരഞ്ഞെടുത്തതു്; ഒരിക്കൽ ആട്ടിടയനായ ആമോസിനെപ്പോലും. എല്ലാ കാലഘട്ടങ്ങളിലും രാജാക്കന്മാരെയും പ്രഭുക്കളെയും വഴിതെററിപ്പോകുന്ന പുരോഹിതരെയും ബുദ്ധിമാന്മാരെയും വിമർശിക്കാൻ വിശുദ്ധർ നിർബന്ധിതരായിട്ടുണ്ട്. പലപ്പോഴും അതു് സ്വന്തം ജീവിതം അപകടത്തിലാക്കിക്കൊണ്ടുതന്നെയാണ്.



ഞാൻ ഒരു പ്രവാചകനാണെന്നഭിമാനിക്കുന്നില്ല. പക്ഷേ ഞാൻ ഏകനായിരിക്കുന്നു എന്നതുതന്നെ അവർക്കു ഭയജനകമാണ്. കാരണം എന്നെ പീഡിപ്പിക്കുന്നവരുടെകൂടെ അനേകരുണ്ട്; ജാതികളുണ്ട്; സമ്പത്തുണ്ട്; പരിഹാസപൂർണ്ണമായ കത്തുകളെഴുതുന്നവരുണ്ട്. അതെ, ഞാൻ ഏകനാണ്; എന്നാൽ ഞാൻ സമാധാനത്തോടെ നിൽക്കുന്നു. കാരണം എന്നോടൊപ്പം ദൈവവചനമുണ്ട്. അവരുടെ പിൻതുണയെക്കുറിച്ച് അവർ ഊററംകൊള്ളുമ്പോൾ ഏററവും വലിയ പിൻതുണയായ ദൈവവചനം അവക്കില്ല.''

അങ്ങനെ ലിയോ പത്താമൻ മാർപ്പാപ്പാ ലൂഥറെ സഭയ്ക്കു പുറംതള്ളി.

ചാൾസ് അഞ്ചാമനെ അപ്പോഴേയ്ക്കും ചക്രവത്തിയായി തെരഞ്ഞെടുത്തിരുന്നു. ലൂഥറെ മതവിരുദ്ധനും വധശിക്ഷയ്ക്കർഹനുമാണെന്നു പ്രഖ്യാപിക്കാൻ റോമാ ചാൾസിൻെറമേൽ സമ്മർദ്ദം ചെലുത്തി. എന്നാൽ തൻെറ തെരഞ്ഞെടുപ്പിൽ നിർണ്ണായകമായ പങ്കുവഹിച്ച സാക്സണിലെ പ്രഭു, ലൂഥറെ, അദ്ദേഹത്തിൻെറ വാദം കേൾക്കാതെ ശിക്ഷ വിധിക്കുന്നതിനെ എതിർത്തപ്പോൾ, ചാൾസ് ചക്രവർത്തിക്ക് റോമിൻെറ കല്പന നടപ്പിലാക്കാൻ കഴിയാതെയായി. ചക്രവർത്തിയോ മററാരെങ്കിലുമോ ലൂഥർ ഉന്നയിച്ച കാര്യങ്ങൾ ഖണ്ഡിച്ചതായി തന്നോട് പറഞ്ഞിട്ടില്ലെന്ന് ശഠിച്ചു. അതുകൊണ്ട്, ലൂഥറെ ശ്രവിക്കുന്നതിന് ചക്രവത്തിതന്നെ ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്നും ആ സമ്മേളനത്തിൽ പ്രമുഖരായ പണ്ഡിതരെയും ദൈവശാസ്ത്രജ്ഞന്മാരെയും വിളിക്കണമെന്നും പ്രഭു നിർദ്ദേശിച്ചു. മാത്രമല്ല, പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു വരുന്ന ലൂഥറെ ദേഹോപദ്രവമേല്പിക്കരുതെന്ന ശാസനയും നൽകണം.

അങ്ങനെ, ലൂഥറെ വിസ്തരിക്കുന്നതിനായി വേംസ് എന്ന സ്ഥലത്തുവച്ച് ഒരു രാജകീയസമ്മേളനം കൂടുന്നതിന് ചാൾസ് ചക്രവർത്തി തീരുമാനിച്ചു. അതിനായി ലൂഥറിന് ക്ഷണക്കത്തും അതോടൊപ്പം അദ്ദേഹത്തെ ആരും ദേഹോപദ്രവമേല്പിക്കരുതെന്ന കല്പനയും അയച്ചുകൊടുത്തു (safe conduct). 1521 ഏപ്രിൽ മാസത്തിൽ വേംസിൽ രാജകീയസമ്മേളനം കൂടി. ചക്രവത്തി സിംഹസനാരൂഢനായിരുന്നു. പ്രഭുക്കന്മാരും കർദ്ദിനാളന്മാരും മെത്രാന്മാരും സദസ്സിൽ ഇരുന്നു. വൻപിച്ച ജനക്കൂട്ടം അന്ന് വേംസിൽ ഈ അഗസ്റ്റീനിയൻ സന്യാസിയെ കാണാൻ വന്നുകൂടി.

രാജകീയ പ്രതാപം കത്തിജ്വലിച്ചുനിന്ന അസംബ്ലിയിലേക്ക് ലൂഥർ ഏകനായി പ്രവേശിച്ചു. രണ്ടു ചോദ്യങ്ങളാണ് ചക്രവർത്തിയുടെയും രാജസദസ്സിൻെറയും മുമ്പിൽവച്ച് ട്രിവീസിലെ ചാൻസലർ ചോദിച്ചതു്. അവിടെ പ്രദർശിപ്പിച്ചിരുന്ന 20 ഗ്രന്ഥങ്ങൾ ലൂഥർ എഴുതിയതാണോ? അവയിൽ പ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാണോ? ആദ്യ ചോദ്യത്തിന് അതേ എന്നു ലൂഥർ ഉത്തരം പറഞ്ഞു. രണ്ടാമത്തെ ചോദ്യത്തിന് ഉചിതമായ ഉത്തരം പറയുന്നതിന് ഒരു ദിവസത്തെ സാവകാശം ലൂഥർ ആവശ്യപ്പെട്ടു. രാജകീയ സദസ്സ് അതിനനുവാദം നൽകി.

പിറ്റേദിവസം നിർണ്ണായകദിവസമായിരുന്നു. രാജസദസ്സ് ഉൽക്കണ്ഠയോടെ ലൂഥറെ നോക്കി.

ലൂഥർ രണ്ടാമത്തെ ചോദ്യത്തിന് വിശദമായി ഉത്തരം പറഞ്ഞു; തന്റെ നിലപാടിനെ ന്യായീകരിച്ചു. അവസാനം ലൂഥർ പറഞ്ഞു: “എന്റെ വിശ്വാസം പോപ്പിനോ കൗൺസിലിനോ കീഴ്പ്പെടുത്താൻ ഞാൻ തയ്യാറല്ല. കാരണം, അവർക്ക് പലപ്പോഴും തെറ്റുപറ്റിയിട്ടുണ്ടെന്നതും പരസ്പരവിരുദ്ധമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നതും പകൽപോലുള്ള സത്യങ്ങളാണ്. അതുകൊണ്ട് സുവിശേഷത്തിന്റെ സാക്ഷ്യത്തോടെ, തെളിവായ യുക്തികൊണ്ടു ദൈവവചനത്തിൽ എന്റെ മനസ്സാക്ഷിയെ ബന്ധിക്കാൻ അവർക്കു കഴിയാത്തവയെ ഞാൻ വിശ്വസിക്കുന്നില്ല. അതിനാൽ എനിക്ക് എന്റെ നിലപാടിൽനിന്നും പിൻതിരിയാൻ സാദ്ധ്യമല്ല; പിൻതിരിയുന്നുമില്ല. കാരണം, മനസ്സാക്ഷിക്കു വിരുദ്ധമായി പറയാൻ ഒരു ക്രിസ്ത്യാനിക്കും സാദ്ധ്യമല്ല. ഇതാണ് എന്റെ നിലപാട്. മറ്റൊരു നിലപാടെടുക്കാൻ എനിക്കു സാദ്ധ്യമല്ല; ദൈവം മാത്രം എന്റെ സഹായം. ആമേൻ.”

ഇത്തരം ഒരു പ്രഖ്യാപനം അന്നത്തെക്കാലത്ത് സ്വയം വധശിക്ഷയ്ക്കുള്ള കുറിപ്പടിയായിരുന്നു.

പിറ്റേദിവസം, ചക്രവർത്തി ലൂഥറെ സഭാഭ്രഷ്ടനായി പ്രഖ്യാപിച്ചു. മാത്രമല്ല ലൂഥറെയും ലൂഥറുടെ അനുയായികളെയും നിർമ്മൂലനാശമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്നു ചക്രവർത്തി പ്രഖ്യാപിച്ചു. ഇതിന്റെയെല്ലാം പിൻപിൽ റോമിന്റെ ശക്തമായ പ്രേരണയുണ്ടായിരുന്നു. ലൂഥർക്ക് ദേഹോപദ്രവമുണ്ടാക്കുന്നതിനെ തടഞ്ഞുകൊണ്ടുള്ള കൽപന ചക്രവർത്തി നൽകിയിരുന്നെങ്കിലും ലൂഥറെ വധിക്കാനുള്ള ഗൂഢാലോചന അണിയറയിൽ നടക്കുന്നുണ്ടായിരുന്നു. (നൂറു കൊല്ലങ്ങൾക്കുമുൻപ് ദേഹോപദ്രവമേൽപിക്കുകയില്ലെന്ന സിഗ്സ്മണ്ട് ചക്രവർത്തിയുടെ കല്പനപ്രകാരം കോൺസ്റ്റൻസ്സിൽ ചെന്ന ഹെസ്സിനെ മാർപ്പാപ്പാ ബന്ധിച്ച് ചുട്ടുകളഞ്ഞതോർക്കുക.) എന്നാൽ സാക്സണിലെ പ്രഭു തന്റെ പ്രജയായ ലൂഥറിനെ തന്റെ രാജ്യത്തുവച്ചു മാത്രമെ വിസ്തരിച്ചു ശിക്ഷിക്കാവൂ എന്നു വാദിച്ചു. തന്മൂലം മാർപ്പാപ്പായുടെ കക്ഷിക്കാർക്ക് ലൂഥറെ വേമ്സിൽവച്ച് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

പക്ഷേ മടക്കയാത്രയിൽ ലൂഥറെ വധിക്കാൻ ഗൂഢാലോചന നടത്തുന്നതായി അറിഞ്ഞ് വഴിക്കുവച്ചു ലൂഥറെ തട്ടിക്കൊണ്ടുപോയി വാർട്ട്ബർഗ് കൊട്ടാരത്തിൽ ഒളിപ്പിച്ചു താമസിപ്പിച്ചു. ഈ തട്ടിയെടുക്കൽ നാടകത്തിന്റെ പിൻപിൽ പ്രവർത്തിച്ചത് സാക്സണിലെ പ്രഭുവായിരുന്നു. ലൂഥർ വാർട്ട്ബർഗിൽ ഒളിവിൽ കഴിഞ്ഞു. അക്കാലഘട്ടത്തിലാണ് ലൂഥർ പുതിയനിയമം ജർമ്മൻ ഭാഷയിലേക്ക് തർജ്ജമ ചെയ്തത്.

ലൂഥറുടെ ജീവിതത്തെ നാലു കാലഘട്ടങ്ങളായി തിരിക്കാം.



## 1. റോമിനോടുള്ള ഉറച്ച വിശ്വസ്തത

ഒരു സന്യാസിയെന്ന നിലയിൽ ഈ കാലഘട്ടത്തിൽ റോമാസഭയുടെ എല്ലാ വിശ്വാസങ്ങളെയും ആചാരങ്ങളെയും ലൂഥർ തീക്ഷ്ണതാപൂർവ്വം പാലിച്ചുപോന്നു. തന്റെ ആത്മരക്ഷ സഭയിലാണെന്നും സഭയുടെ കർമ്മാനുഷ്ഠാനങ്ങളും ജീവിതചര്യയും അതിന് അത്യന്താപേക്ഷിതമാണെന്നും ലൂഥർ വിശ്വസിച്ചു. വിശുദ്ധിയുടെ പടികൾ ചവിട്ടിക്കയറുന്നതിനായി ഈ കാലഘട്ടത്തിൽ ലൂഥർ സ്വയം പീഡിപ്പിക്കയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. മറ്റേതു സന്യാസിമാരെക്കാളും സഭാതത്വങ്ങളനുസരിച്ചുള്ള വിശുദ്ധജീവിതമായിരുന്നു ലൂഥറിന്റേത്. സഭ സ്വർഗ്ഗത്തിലേക്കുള്ള പാതയാണെന്ന് ലൂഥർ ഉറച്ചു വിശ്വസിച്ചു.

## 2. വിശ്വാസത്തിനിളക്കം

ലൂഥർ, താൻ അടിയുറച്ചു വിശ്വസിച്ചിരുന്നവയെ മുറുകെപ്പിടിച്ചുകൊണ്ടാണ് റോമിലേക്ക് യാത്ര പുറപ്പെട്ടത്. താൻ അനുസരിക്കുന്ന ദാരിദ്ര്യവും, ജീവിതരീതികളും ആത്മരക്ഷയ്ക്കുവേണ്ടിയുള്ള സഭയുടെ പഠനങ്ങളാണെന്ന് തീർത്തും ധരിച്ചുവച്ചിരുന്ന ലൂഥർ, റോമിൽ സഭാധികാരം ഇവയൊന്നും അനുസരിക്കാത്തവരാണെന്ന സത്യം കണ്ട് ഞെട്ടി. റോമിൽ മാർപ്പാപ്പാമാരുടെയും കർദ്ദിനാളന്മാരുടെയും കുത്തഴിഞ്ഞ ജീവിതം കണ്ട ലൂഥർക്ക് സഭാധികാരത്തിലുള്ള വിശ്വാസം തളർന്നു. പലസ്തീനയിലെ തെരുവിൽ തലചായ്ക്കാൻ സ്ഥലമില്ലാതെ അലഞ്ഞുനടന്ന യേശുവിന്റെ പ്രതിനിധികൾ റോമാരാജാക്കന്മാർക്കു തുല്യമായ സുഖഭോഗങ്ങളുടെ ഉപഭോക്താക്കളാണെന്ന് ലൂഥർ മനസ്സിലാക്കി. സഭാധികാരത്തിന്റെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം വിസ്മയജനകമായിരുന്നു. “എന്നിൽ വിശ്വസിക്കുന്നവൻ എന്റെ വചനം പാലിക്കും” എന്ന് യേശു തന്നിൽ വിശ്വസിക്കുന്നവരെക്കുറിച്ചു പറഞ്ഞ വാക്കുകൾ, റോമിലെ ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം വ്യർത്ഥമായി എന്ന് ലൂഥറിന് തോന്നി. യേശുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും യേശുവിന്റെ സഭയിലെ അധികാരികളെന്ന് അഹങ്കരിക്കയും ചെയ്തിരുന്ന റോമൻ സഭാധികാരം ആ വിശ്വാസമനുസരിച്ച് യേശുവിന്റെ വചനം തെല്ലും പാലിക്കുന്നവരല്ല എന്ന് ലൂഥർ മനസ്സിലാക്കി. ഇത് ലൂഥറുടെ ഹൃദയത്തിൽ സഭയിലുള്ള വിശ്വാസത്തിന്റെ വേരറുക്കാൻ പോന്നതായിരുന്നു. ലൂഥർ ഒരു ആത്മീയപ്രതിസന്ധിയിൽ ചെന്നുപെട്ടു. യേശുവിലും, യേശുവിന്റെ പഠനങ്ങളിലും ലൂഥർ ഉറച്ചുവിശ്വസിച്ചിരുന്നു. പക്ഷേ, സഭയിലുള്ള വിശ്വാസം കാണെക്കാണെ നഷ്ടപ്പെട്ടുകൊണ്ടിരുന്നു.

ഇക്കാലഘട്ടത്തിൽ ലൂഥർ വിശുദ്ധഗ്രന്ഥം വായിക്കാനാരംഭിച്ചു. യേശുവിന്റെ പഠനങ്ങളെന്തെല്ലാമാണ്? ആ പഠനങ്ങൾ അനുസരിച്ചാണോ സഭ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്? യേശുവിന്റെ പഠനങ്ങൾക്കു വിരുദ്ധമായവ സഭയ്ക്ക് അന്യമായിരിക്കണമെന്ന് ലൂഥർ കരുതി. പൗലോസ് ഗലാത്തിയക്കാർക്ക് എഴുതിയ ലേഖനഭാഗം ലൂഥറെ കൂടുതൽ ചകിതനാക്കി. “ഞങ്ങളാരെങ്കിലുമോ, സ്വർഗത്തിൽനിന്ന് ആഗതനായ ഒരു മാലാഖ തന്നെയോ, നിങ്ങളോടു ഞങ്ങൾ പ്രസംഗിച്ചിട്ടുള്ള സുവിശേഷത്തിനു വിരുദ്ധമായി പ്രസംഗിക്കുകയാ

ണെങ്കിൽ, അയാൾ അഭിശപ്തനാകട്ടെ. ഞങ്ങൾ മുമ്പു പറഞ്ഞതുതന്നെ, ഞാൻ ഇപ്പോഴും പറയുന്നു. നിങ്ങൾ സ്വീകരിച്ച സുവിശേഷത്തിനു വിരുദ്ധമായി മറ്റൊരു സുവിശേഷം ആരെങ്കിലും നിങ്ങളോടു പ്രസംഗിക്കുകയാണെങ്കിൽ, അയാൾ അഭിശപ്തനാകട്ടെ'' (ഗലാ. 1: 8-9).

സുവിശേഷത്തിൽ പറയാത്തവയും പറഞ്ഞിരിക്കുന്നതിനു് ഘടകവിരുദ്ധമായവയും അന്നു് സഭയിൽ ഉടനീളം നടമാടുന്നതായി ലൂഥർ കണ്ടു. ക്രിസ്തുവിന്റെ പഠനങ്ങളിൽ തീവ്രമനസ്കനായ ലൂഥർക്കു് ഇതു് അസ്സഹനീയമായിരുന്നു. താൻ സ്നേഹിച്ചു്, അനുസരിച്ചു പോന്ന സഭയും സുവിശേഷത്തിലെ യേശുവിന്റെ പഠനങ്ങളും തമ്മിൽ വന്ന വൻപിച്ച വൈജാത്യം ലൂഥറെ ഒരു മാനസികപ്രതിസന്ധിയിലെത്തിച്ചു. വെളിപാടുപുസ്തകത്തിലെ സ്ത്രീയുടെ വിവരണം ലൂഥർ അനുസ്മരിച്ചു: ''ആ മാലാഖ എന്നെ ആത്മാവിൽ ഒരു മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ കടുംചെമപ്പു നിറമുള്ളതും ദൈവദൂഷണപരമായ പേരുകൾ നിറയെ എഴുതപ്പെട്ടിരിക്കുന്നതും ഏഴു തലയും പത്തു കൊമ്പുള്ളതുമായ ഒരു മൃഗത്തിന്റെമേൽ ഒരു സ്ത്രീ ഉപവിഷ്ടയായിരിക്കുന്നതു ഞാൻ കണ്ടു. ആ സ്ത്രീ ധൂമ്രവും കടുംചെമപ്പും കലർന്ന വസ്ത്രങ്ങൾ ധരിച്ചിരുന്നു; സ്വർണാഭരണങ്ങളും രത്നങ്ങളും മുത്തുകളുംകൊണ്ടു് അലംകൃതയായിരുന്നു. തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതകളും അശുദ്ധിയും നിറഞ്ഞ ഒരു സ്വർണചഷകം അവൾ കയ്യിൽ എടുത്തിരുന്നു. അവളുടെ നെറ്റിത്തടത്തിൽ നിഗൂഢമായ ഒരു നാമം എഴുതപ്പെട്ടിരുന്നു: 'മഹാബാബിലോൺ, വേശ്യകളുടെയും ഭൂമിയിലെ മ്ലേച്ഛതകളുടെയും അമ്മ.' വിശുദ്ധരുടെയും യേശുവിന്റെ രക്തസാക്ഷികളുടെയും ചോരകുടിച്ചു് ഉന്മത്തയായ ആ സ്ത്രീയെ ഞാൻ കണ്ടു'' (വെളിപാടു് 17: 3-6).

ഈ കാഴ്ചയെക്കുറിച്ചുള്ള മാലാഖയുടെ വിവരണം റോമിനു യോജിക്കുന്നതായി ലൂഥറിനു തോന്നി. ''നീ കണ്ട പത്തു കൊമ്പുണ്ടല്ലോ. അവയും ആ മൃഗവും വേശ്യയെ വെറുക്കും. അവർ അവളെ അനാഥയും നഗ്നയുമാക്കും; അവളുടെ മാംസം വിഴുങ്ങുകയും അവളെ തീയിൽ ദഹിപ്പിക്കുകയും ചെയ്യും'' (വെളിപാടു് 17:16).

റോമാപ്പട്ടണം സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ഏഴു പർവ്വതങ്ങളിലായിരുന്നല്ലോ. രാജാക്കന്മാർ റോമിനു് പിന്തുണയും നൽകിപ്പോന്നു. ഈ ചിന്തകൾ ലൂഥറെ കലക്കി; ആത്മീയമായ ഒരു പ്രതിസന്ധിയിൽ എത്തിച്ചു. രാജാക്കന്മാരുടെ പിന്തുണയോടെ സകലവിധ സംഹാരശക്തികളും സമാഹരിച്ചിരിക്കുന്ന റോമിന്റെ ശക്തിയോടു് എതിരിടണമോ? ഹാംലറ്റിനെപ്പോലെ തീരുമാനമെടുക്കുന്നതിൽ ലൂഥർ കുഴങ്ങി.

## 3. പാപവിമോചനച്ചീട്ടുവ്യാപാരം

ലൂഥർ തികഞ്ഞ മാനസികപ്രതിസന്ധിയിൽ കഴിയുന്ന കാലത്താണു് പാപവിമോചനച്ചീട്ടുവ്യാപാരവുമായി ടെട്സൽ ജർമ്മനിയിലെത്തിയതു്. ആത്മരക്ഷ പണത്തിനു വിൽക്കുക! സുവിശേഷത്തിലൊരിടത്തും കാണാത്തതു്



സുവിശേഷത്തിൽ പൂർണ്ണമായി വിലക്കിയിരിക്കുന്നതുമായ ഈ കച്ചവടം ലൂഥറെ പിടിച്ചുകലുക്കി. അതിനെതിരെ പ്രതികരിക്കാതിരിക്കാൻ സുവിശേഷത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന ലൂഥറിനു കഴിഞ്ഞില്ല. അതുവരെ ഒരു നിശ്ശബ്ദമായ അഗ്നിപർവ്വതമായിരുന്ന ലൂഥറിന്റെ മനസ്സു്. അതു് പൊട്ടിച്ചിതറിച്ചതിനുള്ള അടിയന്തിരനിമിത്തം ടെട്സലിന്റെ വ്യാപാരമായിരുന്നു. ലൂഥറിന്റെ എതിർപ്പു സുവിശേഷാധിഷ്ഠിതമായിരുന്നതാനും. എന്നാൽ റോമിന്റെ ശക്തമായ നീക്കം ലൂഥറെ കൂടുതൽ ചിന്തിപ്പിച്ചു.

അതുവരെ സഭയുടെ എല്ലാ അപച്യുതികൾക്കും കാരണം സഭാധികാരത്തിന്റെ തെറ്റാണെന്നു് ലൂഥർ കരുതി. എന്നാൽ തെറ്റു് വ്യക്തികളിലല്ലെന്നും സഭയിൽ നിലനിൽക്കുന്ന തെറ്റായ വ്യവസ്ഥിതിയും ആ തെറ്റായ വ്യവസ്ഥിതിക്കു് ന്യായീകരണമായി അവതരിപ്പിക്കപ്പെട്ട ദൈവശാസ്ത്രവുമാണെന്നുമുള്ള നിഗമനത്തിൽ ലൂഥർ എത്തി.

## 4. പുതിയ ദൈവശാസ്ത്രം

സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ഒരു ദൈവശാസ്ത്രം ലൂഥർ അവതരിപ്പിച്ചു. പൗലോസ് ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിന്നാധാരമായി അവതരിപ്പിച്ച വിശ്വാസത്താലെയുള്ള നീതീകരണമെന്ന തത്വം ലൂഥറിന്റെ കണ്ടുപിടുത്തമായിരുന്നില്ല. അവയെ പുനരവതരിപ്പിക്കുകമാത്രമാണു് ലൂഥർ ചെയ്തതു്. അന്നുവരെ റോമൻ കത്തോലിക്കാസഭ കൈയ്യുന്നി ഉയർത്തിപ്പിടിച്ചിരുന്ന ദൈവശാസ്ത്രതത്വങ്ങളോടുള്ള ഒരു വെല്ലുവിളിയായിരുന്നു ഇതു്. തന്റെ ദൈവശാസ്ത്രതത്വങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വിവരിക്കുന്നതിനും അദ്ദേഹത്തിനു് ശക്തനായ ഒരു പിന്തുണക്കാരനെ ലഭിച്ചു: മെലാഞ്ച്തോൺ (Philip Melanchthon). ഇവർ രണ്ടുപേരും റോമൻസഭയിൽ നിന്നും വ്യത്യസ്തമായ ഒരു ദൈവശാസ്ത്രാടിസ്ഥാനമാണു് ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിനുള്ളതു് എന്നു് സ്ഥാപിച്ചു.

### പ്രവൃത്തികളും വിശ്വാസവും

ലൂഥറിന്റെ കാലത്തു് നിലവിലുണ്ടായിരുന്ന ക്രൈസ്തവവിശ്വാസം ഇതായിരുന്നു: രക്ഷ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമല്ല പ്രത്യുത റോമൻകത്തോലിക്കാസഭയിലുള്ള കൂട്ടായ്മയിലൂടെ മാത്രമേ സാധ്യമാകൂ. റോമൻ കത്തോലിക്കാസഭയുടെ അധികാരശ്രേണിയുടെ തലപ്പത്തു് പോപ്പ് ആണു് ഉണ്ടായിരുന്നതു്. റോമൻസഭയുമായുള്ള കൂട്ടായ്മയെന്നാൽ മാർപ്പാപ്പായുമായുള്ള ഐക്യമാണു്. കാരണം, മാർപ്പാപ്പാ സഭയുടെ ദൃശ്യതലവനും മിശിഹായുടെ ലൗകികവികാരിയുമാണു്. റോമൻ കത്തോലിക്കാസഭയുമായുള്ള കൂട്ടായ്മയ്ക്കു പുറത്തു്, പാപത്തിൽനിന്നുള്ള മോചനമോ ദൈവവുമായുള്ള ബന്ധമോ ക്രിസ്തുവിലുള്ള നിത്യജീവനോ മനുഷ്യാത്മാവിന്റെ നിത്യരക്ഷയോ അസാദ്ധ്യമാണു്. ഈ വിശ്വാസം റോമൻ മാർപ്പാപ്പായെയും സഭയുടെ ഭരണാധികാരമണ്ഡലത്തെയും യൂറോപ്പിൽ അജയ്യശക്തിയാക്കി ഉയർത്തി. മാർപ്പാപ്പായുടെ കോപം

വ്യക്തികളെയും രാജാക്കന്മാരെയും ഭീതിപ്പെടുത്തി. മദ്ധ്യനൂററാണ്ടുകളിൽ വളർത്തിയെടുത്ത ഈ പാപ്പാധിപത്യത്തെ ചോദ്യം ചെയ്യാൻ രാജാക്കന്മാർപോലും തയ്യാറായില്ല. രാജാക്കന്മാരുടെ പ്രഥമ കടമ സഭയെ സംരക്ഷിക്കുകയെന്നതായിരുന്നു.

മാർപ്പാപ്പായുടെ അപ്രതിരോധ്യമായ ഈ അധികാരം ചോദ്യം ചെയ്തവരെല്ലാം, രാജാക്കന്മാരുൾപ്പെടെ, അതിന്റെ തിക്തകഫലം അനുഭവിച്ചിട്ടുണ്ട്. മാപ്പാപ്പായെ അനുസരിക്കാൻ രാജാവു കൂട്ടാക്കാത്തപക്ഷം രാജാവിനോടുള്ള അനുസരണത്തിൽനിന്നും പ്രജകളെ മാർപ്പാപ്പാ വിമോചിപ്പിക്കുകയും ആഭ്യന്തരകലാപം സൃഷ്ടിക്കുകയും ചെയ്യും. വ്യക്തികളോ സംഘടനകളോ ആണ് മാർപ്പാപ്പാമാരുടെ അധികാരത്തെ ചോദ്യം ചെയ്യുന്നതെങ്കിൽ രാജാവിനെക്കൊണ്ട് അവരെ കിരാതമായി നശിപ്പിക്കും.

മാർപ്പാപ്പാമാർ തങ്ങളുടെ സുഖലോലുപജീവിതംകൊണ്ടും അധാർമ്മികചര്യകൊണ്ടു, മനുഷ്യത്വം നശിച്ചവരായിരുന്നാൽപോലും, ക്രിസ്തുവിന്റെ വികാരിയെന്ന നിലയിൽ പരിശുദ്ധനാണെന്ന സങ്കല്പം ജനങ്ങളിൽ ഉറപ്പിച്ചിരുന്നു. തന്മൂലം റോമാസഭയുമായുള്ള ഐക്യത്തിൽ കഴിയുകയും റോമാമാർപ്പാപ്പായെ അംഗീകരിക്കുകയും ചെയ്യാത്ത സഭകളെ മാർപ്പാപ്പാ ശപിച്ചുതള്ളി. (പൗരസ്ത്യസഭ ഇതിനുദാഹരണമാണ്.) സഭയിലൂടെ മാത്രമേ മനുഷ്യനു നിത്യരക്ഷയുള്ളു എന്നതിനാൽ മാർപ്പാപ്പാമാരുടെയും റോമൻ കൂരിയായുടെയും മെത്രാന്റെയും അടിമനുകം ചുമക്കാൻ വിശ്വാസികൾ നിർബന്ധിതരായി. മനുഷ്യരക്ഷയ്ക്കുള്ള വരദാനം ഏഴു കൂദാശകളിലൂടെമാത്രം മനുഷ്യനു ലഭിക്കുന്നതാകയാൽ സഭയുമായുള്ള സംസർഗ്ഗം അനിവാര്യമാക്കി.

എന്നാൽ റോമൻകത്തോലിക്കാസഭയല്ല മനുഷ്യനെ രക്ഷിക്കുന്നതെന്നും ക്രിസ്തുവാണ് മനുഷ്യന്റെ രക്ഷകനെന്നും ലൂഥർ ഉറപ്പിച്ചുപറഞ്ഞു. മാത്രമല്ല, രക്ഷണീയകർമ്മമെന്ന് സഭ വിവരിക്കുന്ന കൂദാശകളിൽ പലതും ക്രിസ്തു സ്ഥാപിച്ചവയല്ലെന്നും റോമൻസഭയുടെ സൃഷ്ടിയാണെന്നും വാദിച്ചു.

### രക്ഷയുടെ ആധാരം

രക്ഷയുടെ ആധാരശിലയായി റോമൻ കത്തോലിക്കാസഭ മുറുകെപ്പിടിച്ചിരുന്നതു് മനുഷ്യന്റെ സൽപ്രവൃത്തികളായിരുന്നു. കൂദാശയുടെ സ്വീകരണം, നന്മപ്രവൃത്തികൾ ഇവ മനുഷ്യനെ ദൈവത്തിന്റെ മുമ്പിൽ നീതീകരിക്കുമെന്നും ആ നീതീകരണപ്രക്രിയ സഭയിലൂടെയാണ് നടക്കുന്നതെന്നുമായിരുന്നു പാരമ്പര്യവിശ്വാസം.

ലൂഥർ പറഞ്ഞു: മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ നീതീകരിക്കപ്പെടുന്നതു് സ്വന്ത പ്രവൃത്തികൊണ്ടല്ല; പ്രത്യുത, സ്വന്തവിശ്വാസംകൊണ്ടാണ്. അതിന് ആധാരമായി പൗലോസിന്റെ ലേഖനങ്ങൾ ലൂഥർ ഉദ്ധരിച്ചു. ''അബ്രാഹാം കർമാനുഷ്ഠാനങ്ങളാലാണു നീതീകരിക്കപ്പെട്ടതെങ്കിൽ അയാൾക്ക് അഭിമാനിക്കാൻ വകയുണ്ട്. പക്ഷേ, ദൈവമുമ്പാകെ ഇല്ല. കാരണം, വിശുദ്ധലി



ഖിതം എന്താണു പറയുന്നതു്? 'അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അതു് അയാൾക്കു നീതിയായി കണക്കാക്കപ്പെട്ടു.' വേലക്കാരന്റെ കൂലി ദാനമായിട്ടല്ല കണക്കാക്കപ്പെടുക; അവകാശമായിട്ടാണ്. കർമങ്ങൾ ചെയ്യാത്ത ഒരാൾ പാപികളെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നു എങ്കിൽ, അയാൾക്കു തന്റെ വിശ്വാസംതന്നെ നീതിയായി കണക്കാക്കപ്പെടും... അബ്രാഹാമിനും അയാളുടെ സന്തതികൾക്കും, അവർക്കു ലോകം അവകാശമാകും എന്നുള്ള വാഗ്ദാനം ലഭിച്ചതു നിയമത്തിലൂടെയല്ല, വിശ്വാസത്താലുള്ള നീതീകരണത്തിലൂടെയാണ്. നിയമത്തെ ആശ്രയിക്കുന്നവരാണ് അവകാശികളെങ്കിൽ വിശ്വാസം നിഷ്ഫലവും വാഗ്ദാനം വ്യർത്ഥവുമത്രേ'' (റോമ. 4:2-6; 13-14).

വിശ്വാസത്തിന്റെ ഫലമായി ദൈവം കൃപ മനുഷ്യനു ദാനമായി നൽകുന്നു.

''അതുകൊണ്ടാണ് വാഗ്ദാനം വിശ്വാസത്തിൽ ഉറപ്പിച്ചിരിക്കുന്നതു്. അങ്ങനെ, വാഗ്ദാനപൂർത്തീകരണം കൃപയായി ഉണ്ടാകുന്നു'' (റോമാ. 4:16).

പാപിയായ മനുഷ്യൻ ദൈവവുമായി രമ്യപ്പെടുന്നതു് ക്രിസ്തുവിലൂടെയാണ്.

''അതുകൊണ്ടു്, വിശ്വാസത്താൽ നാം നീതീകരിക്കപ്പെട്ടിരിക്കയാൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നാം ദൈവവുമായി രമ്യപ്പെട്ടിരിക്കുന്നു. അവനിലൂടെ ഈ കൃപയിലേക്കു വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചു'' (റോമാ. 5:1). ''പാപം മരണത്തിൽ വാഴ്ച നടത്തിയതുപോലെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവഴിയുള്ള നീതീകരണത്തിലൂടെ നിത്യജീവൻ നിലവിൽ വരുത്താനായി കൃപ വാഴ്ച നടത്തും'' (റോമാ.5-21). ''അതുകൊണ്ടു്, ഇപ്പോൾ ക്രിസ്തുയേശുവിലായിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല. ക്രിസ്തുയേശുവിലുള്ള ജീവിതത്തിലെ ആത്മാവിന്റെ നിയമം എന്നെ പാപത്തിന്റെ നിയമത്തിൽനിന്നും മരണത്തിൽനിന്നും മോചിപ്പിച്ചിരിക്കുന്നു'' (റോമാ. 8:1-2).

ക്രിസ്തു മനുഷ്യപാപങ്ങൾക്കുള്ള ഏകവും പരിപൂർണ്ണവുമായ ബലിയായിരുന്നു.

''മററു പുരോഹിതരെപ്പോലെ നിത്യേന, ആദ്യം തന്റെ പാപങ്ങൾക്കുവേണ്ടിയും പിന്നെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും അവൻ ബലിയർപ്പിക്കേണ്ടതില്ല. തന്നെത്തന്നെ അർപ്പിച്ചപ്പോൾ അവൻ ഒരിക്കൽ എന്നെന്നേക്കുമായി ബലി അർപ്പിച്ചു'' (എബ്രാ. 7:27).

ലൂഥർ ഉയർത്തിപ്പിടിച്ച വിശ്വാസത്താലെയുള്ള നീതീകരണം റോമൻ കത്തോലിക്കാസഭ മദ്ധ്യനൂററാണ്ടുകളിൽ ആവിഷ്ക്കരിച്ച ക്രിസ്തുവിന്റെ രക്ഷാകരസിദ്ധാന്തത്തിനു വിരുദ്ധമായിരുന്നു; മാത്രമല്ല റോമൻ പേപ്പസിയുടെ സംവിധാനത്തിനുനേരെയുള്ള ശക്തമായ വെല്ലുവിളിയും. (ലൂഥറുടെ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള പൂർണ്ണമായ ഒരു പഠനമല്ല ഇതു്).

## ലൂഥറും ബൈബിളും

ക്രൈസ്തവർ ബൈബിൾ പരിശുദ്ധഗ്രന്ഥമാണെന്ന് വിശ്വസിച്ചിരുന്നെങ്കിലും അത് അന്ന ക്രൈസ്തവർക്ക് അലഭ്യമായിരുന്നു. സാധാരണ ക്രൈസ്തവർക്ക മാത്രമല്ല പുരോഹിതർക്കും അത് ഒരു അടഞ്ഞ ഗ്രന്ഥമായിരുന്നു. ബൈബിൾ ഗ്രീക്കഭാഷയിലും ലത്തീനിലും ലഭ്യമായിരുന്നെങ്കിലും ഈ മൂതഭാഷകൾ അറിയാവുന്നവർ അന്ന് ചുരുക്കമായിരുന്നു. പ്രാദേശിക ഭാഷയിലേക്ക ബൈബിൾ വിവർത്തനം ചെയ്യുന്നതിനെ സഭാധികാരം ശക്തമായി എതിർത്തുപോന്നു. 14-ാം നൂററാണ്ടിൽ ഇംഗ്ലീഷിലേക്ക് ബൈബിൾ വിവർത്തനം ചെയ്ത വൈക്ലിഫിന് സഭാധികാരത്തിൽനിന്നും വളരെയധികം പീഡനങ്ങൾ സഹിക്കേണ്ടിവന്നു. പ്രഭുക്കന്മാരുടെ പിന്തുണയുണ്ടായിരുന്ന അദ്ദേഹത്തെ ജീവിതകാലത്ത് പിടിച്ചുകൊല്ലാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിൻെറ മരണശേഷം അസ്ഥികൾ മാന്തിയെടുത്തു സഭാധികാരികൾ ദഹിപ്പിച്ചു. ലൂഥറിൻെറ സമകാലീനനായ വില്യം ടിൻഡൺ പുതിയ നിയമം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു. സഭാധികാരം അദ്ദേഹത്തെ പിടിച്ച് ജീവനോടെ ദഹിപ്പിച്ചു. അങ്ങനെ വിശ്വാസികൾക്ക് ബൈബിൾ ലഭ്യമാക്കാതിരിക്കാൻ സഭാധികാരം എല്ലാ പീഡനമുറകളും ഉപയോഗിച്ചു.

വാർട്ട്ബർഗ് കൊട്ടാരത്തിൽ തടവിൽ പാർത്തിരുന്ന കാലത്ത് ലൂഥർ പുതിയ നിയമ തർജ്ജമയിൽ ഏർപ്പെട്ടിരുന്നു. വാർട്ട്ബർഗിൽനിന്നും സ്വതന്ത്രരായശേഷം പുതിയ നിയമ തർജ്ജമ വീണ്ടും പരിശോധിച്ചു. പണ്ഡിതനായ മെലാൻ ചിതോൺ ഇക്കാര്യത്തിൽ ലൂഥറെ സഹായിച്ചു. 1522-ൽ ലൂഥർ തർജ്ജമ ചെയ്ത പുതിയ നിയമം ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു. ദാഹിച്ചിരുന്ന മാൻപേട കുളിരരുവി കാണുന്ന ആമോദത്തോടെ ജർമ്മൻകാർ പുതിയ നിയമം സ്വാഗതം ചെയ്തു; തർജ്ജമ ആയിരക്കണക്കിന് വിൽക്കപ്പെട്ടു. പുതിയ നിയമം എത്ര ആവേശത്തോടെയാണ് ജനങ്ങൾ വാങ്ങിയതു് എന്നതിന് താഴെ കൊടുത്തിരിക്കുന്ന കണക്ക് തെളിവാണ്. 1522 ഡിസംബറിൽ തന്നെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു. 1533 വരെ വിററൻബർഗിൽ 17 പതിപ്പും, ആഗ്സ്ബർഗിൽ 13 പതിപ്പും ബേസിലിൽ 12 പതിപ്പും സ്ട്രോസ്ബർഗിൽ 13 പതിപ്പുകളും പ്രസിദ്ധീകരിച്ചു. മററു ചിലേടങ്ങളിലും പുതിയ നിയമത്തിൻെറ പ്രതികൾ പല പതിപ്പുകൾ പുറത്തിറങ്ങി.

ലൂഥറിൻെറ പുതിയ നിയമ പരിഭാഷ സഹർഷം ജർമ്മൻജനത സ്വീകരിച്ചതിനെ തുടർന്ന് 1530 ൽ ലൂഥർ ബൈബിൾ പൂർണ്ണമായും തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചു.

## ലൂഥർ ഒരു വിലയിരുത്തൽ

ലൂഥറുടെ അടിയുറച്ച വിശ്വാസത്തിൻെറയും ആ വിശ്വാസത്തിനുവേണ്ടി എന്തും ത്യജിക്കുന്നതിനുള്ള സന്നദ്ധതയുടെയും ആഴം അളക്കണമെങ്കിൽ അന്ന് യൂറോപ്പിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യ-രാഷ്ട്രീയ-മത സംവിധാനം



മനസ്സിലാക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാമതം അന്ന് റോമാ കേന്ദ്രീകൃതമായ ഒരു ശക്തമായ രാഷ്ട്രീയസംവിധാനമായിരുന്നു. ക്രിസ്തുവിൻെറ ആശയങ്ങൾ അന്ന സഭാധികാരമണ്ഡലങ്ങളിൽ നീലക്കൊടുവേലിയായിരുന്നു. ബൈബിളിൻെറ അഭാവത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥ പഠനങ്ങൾ ജനങ്ങൾക്ക് ലഭ്യമായിരുന്നില്ല. പുരോഹിതരുടെ താല്പര്യമനുസരിച്ച് ആവിഷ്ക്കരിക്കുന്ന മതതത്വങ്ങൾ ചോദ്യം ചെയ്യാതെ സ്വീകരിക്കാൻ ജനങ്ങൾ നിർബ്ബന്ധിതരായിരുന്നു. ക്രിസ്തുവിൻെറ കാലത്തുണ്ടായിരുന്ന യഹൂദപുരോഹിതന്മാരെക്കാൾ കഠിനഹൃദയരും എന്തും ചെയ്യാൻ മടിക്കാത്തവരുമായിരുന്നു അക്കാലത്തെ പുരോഹിതന്മാർ. അവർക്കെതിരെ ജീവൻ ത്യജിച്ചും ഉറച്ചുനിൽക്കുന്നതിന് ലൂഥറെ സഹായിച്ചതു് ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസമാണ്. അന്ന സഭാധികാരം കെട്ടിയുയർത്തിയ മതസാമ്രാജ്യത്തിൻെറ ദുർബലങ്ങളായ അടിത്തറയെ ഇളക്കാൻ ലൂഥർ ക്രിസ്തുവിൻെറ തിരുവചനങ്ങൾ ഉപയോഗിച്ചു. തിരുവചനാടിസ്ഥാനത്തിലല്ലാത്തതെന്തും ക്രിസ്തുവിൻെറ സഭയിൽ അന്യമാണെന്ന ലൂഥർ വാദിച്ചു.

ഇതിനർത്ഥം ലൂഥർ അമാനുഷനോ ദൈവതുല്യനോ ആയിരുന്നു എന്നല്ല. ലൂഥർ കേവലമനുഷ്യനായിരുന്നു. സ്വന്ത ജീവിതത്തെയും മതജീവിതത്തെയും സുവിശേഷാനുസരണം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഭീഷണിപ്പെടുത്തുന്ന ജീവിതസന്ദർഭങ്ങളിലും ഉറച്ചുനിന്ന മനുഷ്യൻ.

ഇന്ന് ഏതു സ്ഥാനിയേയാണോ ലൂഥർ വെല്ലുവിളിച്ചതു് ആ സ്ഥാനി തന്നെ, മാർപ്പാപ്പാതന്നെ, 400 കൊല്ലങ്ങൾക്കശേഷം ലൂഥറൻ വീക്ഷണത്തെ ആദരിക്കാൻ തയ്യാറായിരിക്കുന്നു.

പക്ഷെ അതിന് 400 വർഷം വേണമായിരുന്നോ?

# മാർട്ടിൻ ലൂഥർ — പ്രധാന വർഷങ്ങൾ

1483 — ജനനം: ഈസ്‌ലിബെൻ, സാക്സോണി (ജർമ്മനി)

1501 — ഈഫർട്ട് യൂണിവേഴ്സിറ്റിയിൽ പ്രവേശിക്കുന്നു.

1505 — എം. എ. ഡിഗ്രി നേടുന്നു.

1505 — ഈഫർട്ടിലെ അഗസ്റ്റീനിയൻ ആശ്രമത്തിൽ പ്രവേശിക്കുന്നു.

1507 — പുരോഹിതനാകുന്നു.

1508 — വിറ്റൻബർഗ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി നിയമിക്കപ്പെടുന്നു.

1510 — റോമിലേക്കു പോകുന്നു.

1517 — 95 പ്രമാണങ്ങൾ പ്രസിദ്ധീകരിക്കുന്നു.

1520 — റോമൻ കത്തോലിക്കാസഭയിൽനിന്നും പുറംതള്ളുന്നു.

1520 — ലൂഥറിന്റെ ഗ്രന്ഥങ്ങൾ കത്തിക്കുന്നു.

1521 — വേമ്സിൽവച്ചുള്ള വിചാരണ.

1521 — വാർട്ട്ബർഗിലേക്കു് രക്ഷപ്പെടുന്നു.
പുതിയ നിയമം ജർമ്മൻഭാഷയിൽ പ്രസിദ്ധീകരിക്കുന്നു.

1525 — കാതറീനയെ വിവാഹം കഴിക്കുന്നു.

1529 — പുതിയ ആരാധനക്രമം ആവിഷ്ക്കരിക്കുന്നു.

1532 — പഴയനിയമം ജർമ്മൻഭാഷയിലേക്കു് തർജ്ജമചെയ്യുന്നു.

1546 — ഈസ്‌ലിബെനിൽവച്ചു മരിക്കുന്നു.

ആലംബം: Religious Leaders: Thomas & Thomas; Bhavan's Book University പ്രസിദ്ധീകരണം.

## "ഡോ. ജോസഫ് കരിയാററി"

**ജോസഫ് പുലിക്കുന്നേൽ**

കേരളസഭാചരിത്രത്തിലെ വിവാദപുരുഷനായ കരിയാററി മെത്രാനെക്കുറിച്ച് ഓശാനയിൽ എഴുതിയ ലേഖനം ഗ്രന്ഥമാക്കിയിരിക്കുന്നു. സഭാചരിത്രവിദ്യാർത്ഥികൾ അവശ്യം വായിച്ചിരിക്കേണ്ട ഒരു പഠനം.

വില 1 രൂപാ

**പ്രൈവററു് കോളജദ്ധ്യാപകൻെറ സ്മരണകൾ**

– വില 10 രൂപാ

ശ്രീ ജോസഫ് പുലിക്കുന്നേലിൻെറ ആത്മകഥാപ്രധാനമായ ഈ ഗ്രന്ഥം കറൻറ് ബുക്കിൻെറ എല്ലാ ശാഖകളിലും ലഭിക്കുന്നതാണ്.

### ശ്രീ പുലിക്കുന്നേലിൻെറ ഇതര ഗ്രന്ഥങ്ങൾ

1. സിംഹാസനപ്പോരു് – വില 6 രൂപാ
2. എൻെറ കുരിശുമെടുത്തു് നിൻെറ പിന്നാലെ (നോവൽ – വിതരണം N. B. S.) – വില 8 രൂപാ
3. കേരള ക്രൈസ്തവചരിത്രം- ചില വിയോജനക്കുറിപ്പുകൾ – വില 7 രൂപാ
4. വിമോചനദൈവശാസ്ത്രം ആദ്യപടി (ലഘുലേഖ) വില 1 രൂപാ, പോസ്റ്റേജ് ഉൾപ്പെടെ
5. എപ്പിസ്ക്കോപ്പോസ് – വില 1 രൂപാ
6. ക്രിസ്തുവിൻെറ സമഗ്രവിമോചനം – വില 50 പൈസ